

വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2017 സെപ്റ്റംബർ

Volume VIII Issue 08



Times of America Online Monthly News Journal.
web:**mytimesofamerica.com**



Tel: 267-991-2111
e-mail:**timesofamerica@yahoo.com**





# പ്രസിഡന്റിനെതിരെ പാക് സർക്കാർ



*ന്യൂയോർക്ക്/ ഇസ്ലാമാബാദ്:* പാകിസ്ഥാനു കോടിക്കണക്കിന് സഹായം നൽകിയിട്ടും അവർ ഭീകർക്കു സുരക്ഷിത താവളം അനുവദിക്കുന്നതു വകവച്ചുകൊടുക്കാൻ കഴിയില്ലെന്ന് പ്രസിഡന്റ് ഡോണാൾഡ് ട്രംപിന്റെ പ്രഖ്യാപനം പാക് നേതൃത്വത്തെ ചൊടിപ്പിച്ചു. അഫ്ഗാൻ നയപ്രഖ്യാപനവേളയിലാണ് പ്രസിഡന്റ് പാക് സർക്കാരിനെ നിശിതമായി വിമർശിച്ചത്.

ഇതിനെത്തുടർന്ന് യു.എസിന്റെ നിലപാടിനെ അപലപിച്ചുകൊണ്ട് പാക് നാഷണൽ അസംബ്ലി പ്രമേയം പാസാക്കി. ഭീകരവിരുദ്ധ യുദ്ധത്തിൽ പാകിസ്ഥാൻ അനുഷ്ഠിച്ച ത്യാഗത്തിനു വില കല്പിക്കാത്ത നിലപാടാണു ട്രംപിന്റേതെന്ന് പ്രമേയത്തിൽ പറഞ്ഞു. യു.എസുമായുള്ള ചർച്ചകളും ഔദ്യോഗിക സന്ദർശനങ്ങളും തല്ക്കാലം നിർത്തിവെച്ചിരിക്കുകയാണെന്നു പാകിസ്ഥാൻ വ്യക്തമാക്കി. യു.എസുമായി കൂടുതൽ അടുക്കുവാനുള്ള അനുകൂല സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളതെന്നും പാകിസ്ഥാൻ ഭീകരത കുറയ്ക്കുവാൻ ഇത്തരം പ്രഖ്യാപനങ്ങൾ സഹായകരമായിരിക്കുമെന്നാണ് വിലയിരുത്തൽ.

## ഓണാശംസകൾ

**ലോകമലയാളികൾക്ക് ഓണാശംസകൾ. പാരമ്പര്യവും പരിവേഷവും സമന്വയിക്കുന്നതോടൊപ്പം നാം ഒന്ന്, നാം ജീവിക്കുന്ന ലോകവും ഒന്ന് എന്ന ചിന്ത വൈകാരികതയോടെ നിലനിർത്തുന്ന ഓരോ മലയാളിയ്ക്കും ആശംസകൾ.**

**– മാത്യു ജോർജ്**
**മാനേജിംഗ് എഡിറ്റർ**

## കെന്നത്ത് ജസ്റ്റർ അംബാസിഡർ



*വാഷിംഗ്ടൺ:* സാമ്പത്തിക വിദഗ്ദ്ധൻ കെന്നത്ത് ജസ്റ്റർ ഇന്ത്യയിലെ യു.എസ്. അംബാസിഡർ. ഇന്ത്യയിലെ 62 –ാ മത് അംബസിഡറാണ്.

ട്രംപിന്റെ രാജ്യാന്തര സാമ്പത്തിക സമിതിയിൽ ഡെപ്യൂട്ടി അസിസ്റ്റന്റായ കെന്നത്ത് സാമ്പത്തിക കൗൺസിൽ ഡെപ്യൂട്ടി ഡയറക്ടറായും പ്രവർത്തിച്ചു.

അണ്ടർ സെക്രട്ടറി ഓഫ് കോമേഴ്സ്, സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് കൗൺസിലർ പദവികളും വഹിച്ചിട്ടുണ്ട്.

## അടിമജീവിതത്തിന്റെ വേദനയായിരുന്നു മൊണാലിസയുടെ പുഞ്ചിരിയിൽ



ലിയനാർഡോ ഡാവിഞ്ചിയുടെ വിശ്വപ്രസിദ്ധമായ മൊണാലിസയുടെ നിഗൂഢ പുഞ്ചിരിയിൽ അടിമ ജീവിതത്തിന്റെ വേദനയാണുള്ളതെന്ന് പുതിയ പഠനം.

മാർട്ടിൻ കെംപ്, ജൂസെപ്സ് പല്ലാൻറി എന്നിവർ ചേർന്നെഴുതിയ മൊണാലിസ ജനങ്ങളും ചിത്രവും എന്ന പുസ്തകത്തിലാണ് മൊണാലിസയുടെ ജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്. ലിസ ജെറാർദിനിയെയാണ് ഡാവിഞ്ചി, ചിത്രത്തിന് മാതൃകയാക്കിയിരിക്കുന്നത്. 1479ൽ ഫ്ളോറൻസിലാണ് ലിസ ജെറാർദിനി ജനിച്ചത്.

മുപ്പതു വയസ്സുള്ള വിഭാര്യനായ അടിമവ്യാപാരി പതിനഞ്ചാം വയസ്സിൽ ജെറാർദിനി വിവാഹം ചെയ്തു. പിതാവ് ക്രിസ്ത്യാനികളാക്കിയ അടിമസ്ത്രീകളുടെ കൂടെയാണ് ചെറുപ്പം മുതൽ ജീവിച്ചത്. ജെറാർദിനിയുമായി എങ്ങനെയാണ് ഡാവിഞ്ചി ബന്ധപ്പെട്ടതെന്ന് വ്യക്തമാക്കുന്നില്ല.

## അണുബോംബിനെ അതിജിവിച്ച താനിഗുച്ചി അന്തരിച്ചു



*ടോക്കിയോ:* രണ്ടാം ലോകമഹായുദ്ധത്തിൽ നാഗസാക്കിയിൽ അമേരിക്ക വർഷിച്ച അണുബോംബാക്രമണത്തെ അതിജീവിച്ച പോസ്റ്റുമാൻ സുമിതേരു താനിഗുച്ചി (88) മരണത്തിനു കീഴടങ്ങി. അർബുദത്തെ തുടർന്ന് തെക്കു പടിഞ്ഞാറൻ ജപ്പാനിലെ സ്വകാര്യ ആശുപത്രിയിൽവെച്ചായിരുന്നു അന്ത്യം.

അണുബോംബാക്രമണത്തിന്റെ ഇരയായ താനിഗുച്ചി നിരായുധീകരണത്തിനായി ലോകമെമ്പാടും പ്രചരണം നടത്തിയിരുന്നു.

ബോംബ് വർഷിച്ച നാഗസാക്കിയിൽനിന്നും ഒന്നര കിലോമീറ്റർ അകലെ സൈക്കിളിൽ പോയിക്കൊണ്ടിരിക്കുകയായിരുന്നു അന്നു പോസ്റ്റ്മാനായിരുന്ന താനിഗുച്ചി. ബോംബാക്രമണത്തിൽ അദ്ദേഹത്തിന് ഗുരുതരമായി പരിക്കേറ്റിരുന്നു. നോബെൽ പുരസ്കാരത്തിന് ശിപാർശ ചെയ്തിരുന്നു.




# ആധാർ നിർബന്ധമാക്കാനുള്ള തീയതി ഡിസംബർ 31



*ന്യൂഡൽഹി:* സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ആധാർ നിർബന്ധമാക്കാനുള്ള തീയതി നീട്ടി. ഡിസംബർ 31വരെയാണ് തീയതി നീട്ടിയിരിക്കുന്നത്. കേന്ദ്രസർക്കാർ സുപ്രീം കോടതിയിലാണ് ഈ വിവരം അറിയിച്ചത്. ഇതിനെത്തുടർന്ന് ആധാർ സംബന്ധമായ കേസുകളിൽ വാദം കേൾക്കുന്നത് നവംബർ ആദ്യവാരത്തിലേക്ക് മാറ്റി.

ആധാറിന്റെ സാധുത ചോദ്യം ചെയ്തു സുപ്രീം കോടതിയിൽ സമർപ്പിച്ച ഹർജി പരിഗണിക്കുമ്പോഴാണ് അറ്റോർണി ജനറൽ കെ.കെ.വേണുഗോപാൽ ഇത് സംബന്ധിച്ച വിവരം കോടതിയെ അറിയിച്ചത്.

ആദ്യം ജൂൺ 30നും പിന്നീട് സെപ്റ്റംബർ 30നുമായി രണ്ടുപ്രാവശ്യം തീയതിയിൽ മാറ്റം വരുത്തിയിരുന്നു.

# ഫ്രാൻസിസ് മാർപാപ്പ ബംഗ്ലാദേശിലേക്ക്



*ധാക്ക:* ഫ്രാൻസിസ് മാർപാപ്പ അപ്പസ്തോലിക സന്ദർശനത്തിന്റെ ഭാഗമായി നവംബർ 30ന് ബംഗ്ലാദേശിൽ. പ്രധാനമന്ത്രി ഷേക്ക് ഹസീനയുടെ നേരിട്ടുള്ള ക്ഷണം സ്വീകരിക്കുകയായിരുന്നു. ബംഗ്ലാദേശിലെ വത്തിക്കാൻ ന്യൂൺഷ്യോ ആർച്ച് ബിഷപ്പ് ഡോ.ജോർജ് കോച്ചേരി അറിയിച്ചതാണിത്.

മുസ്ലിം ഭൂരിപക്ഷ രാഷ്ട്രമായ ബംഗ്ലാദേശ് സന്ദർശിക്കുന്ന മൂന്നാമത്തെ മാർപാപ്പയാണ് ഫ്രാൻസിസ്. 1970ൽ പോൺ ആറാമൻ മാർപാപ്പയും 1986 നവംബറിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പയും ബംഗ്ലാദേശിലെത്തി ജനതയോട് ഐക്യദാർഢ്യം അറിയിച്ചിരുന്നു.

മൂന്നു ദിവസത്തെ മ്യാൻമർ സന്ദർശനത്തിനുശേഷമാണ് ഫ്രാൻസിസ് മാർപാപ്പ ധാക്കയിലെത്തുക. പ്രസിഡന്റ് അബ്ദുൾ ഹമീദും പ്രധാനമന്ത്രി ഷേക്ക് ഹസീനയും ഉൾപ്പെടെയുള്ളവരുമായി കൂടിക്കാഴ്ച നടത്തും.

# കെനിയയിൽ പ്ലാസ്റ്റിക് നിരോധനം നാലു വർഷം വരെ തടവ്

*നയ്റോബി:* പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തിനു ലക്ഷ്യമിട്ട് കെനിയ കർക്കശ നിയമം കൊണ്ടുവന്നു. ദ്രവിക്കാത്ത പ്ലാസ്റ്റിക് ബാഗുകൾ നിർമ്മിക്കുന്നവർക്കും ഇറക്കുമതി ചെയ്യുന്നവർക്കും വിൽക്കുന്നവർക്കും ഉപയോഗിക്കുന്നവർക്കും കനത്ത ശക്ഷയാണു പുതിയ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പരമാവധി നാലുവർഷം വരെ തടവോ അല്ലെങ്കിൽ 40,000 ഡോളർ പിഴയോ ലഭിക്കാം.

നിർമ്മാതാക്കളെയായിരിക്കും ആദ്യം പിടികൂടുകയെന്ന് കെനിയൻ പരിസ്ഥിതി മന്ത്രി പറഞ്ഞു. വ്യവസായ ആവശ്യത്തിനുള്ള ബാഗുകളെ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടണ്ട്.

# ബ്രിട്ടീഷ് പാർലമെന്റിന്റെ സുരക്ഷ ശക്തമാക്കി



*ലണ്ടൻ:* ഭീകരാക്രമണ ഭീഷണിയുടെ പശ്ചാത്തലത്തിൽ ബ്രിട്ടീഷ് പാർലമെന്റ് സുരക്ഷ ശക്തമാക്കി. തെംസ് നദിയിലൂടെ എളുപ്പത്തിൽ ഭീകരർക്ക് പാർലമെന്റിൽ എത്താമെന്നു സുരക്ഷാ പരിശോധനയിൽ വെളിപ്പെട്ടതിനെത്തുടർന്നാണ് സായുധ ഗാർഡുകളുടെ ബോട്ടുകൾ നദിയിൽ പട്രോളിംഗ് നടത്താൻ നിർദ്ദേശം നൽകിയത്.

മാർച്ചിൽ പാർലമെന്റ് പരിസരത്ത് ഖാലിദ് മസൂർ എന്ന ഭീകരൻ സ്കോട്‌ലൻഡ്‌യാർഡ് പോലീസ് ഓഫീസറെ കുത്തിക്കൊന്ന സംഭവത്തെത്തുടർന്ന് പാർലമെന്റിന്റെ പ്രവേശനകവാടങ്ങളിൽ സായുധ ഗാർഡുകളെ നിയോഗിച്ചിരുന്നു. പാർലമെന്റിൽ ജോലി ചെയ്യുന്ന പതിനായിരംപേർക്ക് പുതിയ ഐഡി കാർഡുകൾ വിതരണം ചെയ്യാനും തീരുമാനിച്ചു.

For Advertisement Tel: 267-991-2111
CONTACT US

# മൂന്നു പതിറ്റാണ്ടിനുശേഷം ആദ്യമായി ഗാസയിൽ സിനിമാ പ്രദർശനം



*ഗാസ:* ഹമാസ് ഭരണത്തിലുള്ള ഗാസായിൽ മൂന്നു പതിറ്റാണ്ടിനുശേഷം ആദ്യമായി ഒരു തിയറ്ററിൽ സിനിമാ പ്രദർശനം നടത്തി.

ഇസ്രേലി ജയിലുകളിലുള്ള പലസ്തീൻ തടവുകാരെക്കുറിച്ച് പ്രതിപാദിക്കുന്ന സിനിമ കാണാൻ സ്ത്രീകളും പുരുഷന്മാരുമടക്കം മൂന്നൂറു പേർ സിനിമാശാലയിലെത്തി.

സിനിമകളോട് ഇസ്ലാമിസ്റ്റുകൾക്ക് എതിർപ്പാണ്. ജനകീയ മുന്നേറ്റത്തെ തുടർന്ന് ഗാസയിലെ സിനിമാശാലകൾ അടച്ചിട്ടിരുന്നു. ഹമാസിന്റെ അനുവാദത്തോടെയാണ് സിനിമ പ്രദർശിപ്പിച്ചത്.

# സാംസംഗ് ഗ്രൂപ്പ് മേധാവിക്ക് 5 വർഷം തടവ്



*സിയൂൾ:* അഴിമതിക്കേസിൽ സാംസംഗ് ഗ്രൂപ്പ് മേധാവി ലീ ജേ യാംഗിന് അഞ്ചുവർഷം തടവ്. സിയൂൾ ഡിസ്ട്രിക്ട് കോടതിയാണു ശിക്ഷ വിധിച്ചത്.

സാംസംഗിന്റെ രണ്ടു യൂണിറ്റുകളുടെ ലയനത്തിന് അനുമതി കിട്ടാനായി പ്രസിഡന്റ് പാർക്ക് ഗ്യൂൻഹൈയുടെ സഹായി ചോയി സൂൺസിലിന്റെ കമ്പനിയിലേക്കു വൻതുക ലീ ഒഴുക്കിയെന്നാണ് കേസ്. ഈ പ്രശ്നത്തിൽ ഇംപീച്ച് ചെയ്യപ്പെട്ട പ്രസിഡന്റ് ഗ്യൂൻ ഹൈ നടപടി നേരിട്ടു വരികയാണ്.

സാംസംഗ് ഇലക്ട്രോണിസിന്റെ വൈസ് ചെയർമാനാണ് ലീ. ദക്ഷിണ കൊറിയയിലെ ഏറ്റവും വലിയ ബിസിനസ് ഗ്രൂപ്പായ സാംസംഗിന്റെ വരുമാനം രാജ്യത്തിന്റെ മൊത്തം ജിഡിപിയുടെ അഞ്ചിലൊന്നു തുല്യമാണ്.



# ഓണനാളുകളിൽ ദിലീപ് അഴിക്കുള്ളിൽ തന്നെ



*കൊച്ചി:* നടിയെ തട്ടിക്കൊണ്ടുപോയി ആക്രമിച്ച സംഭവത്തിലെ ഗൂഢാലോചന കേസിൽ അറസ്റ്റിലായ നടൻ ദിലീപിന്റെ ജ്യാമം രണ്ടാമതും ഹൈക്കോടതി തള്ളിയതോടെ ഓണനാളുകളിൽ ജയിലിൽ തന്നെ തുടരേണ്ടിവരും. ജാമ്യം ലഭിച്ചാൽ ജയിലിനു പുറത്ത് താരത്തിന് വൻ സ്വീകരണത്തിനുള്ള ഒരുക്കങ്ങൾക്കു തുടക്കം കുറിച്ചിരുന്നു. ഏറെ വാർത്തകളും വിവാദങ്ങളും സൃഷ്ടിച്ച കേസിൽ പ്രത്യേക അന്വേഷണ സംഘം കഴിഞ്ഞ ജൂലൈ 10നാണ് ദിലീപിനെ അറസ്റ്റു ചെയ്തത്.

വിചാരണതടവുകാരനായി കഴിയുന്ന ദിലീപിനെ കാണുവാൻ സഹപ്രവർത്തകരാരും ജയിലിലെത്തിയില്ല. അമ്മയും താരസംഘടനകളും ഏതാണ്ട് പൂർണ്ണമായി കൈയൊഴിഞ്ഞ മട്ടാണ്.

# അമിക്കസ് ക്യൂറി രാജകുടുംബാംഗങ്ങളുമായി ചർച്ച നടത്തി



*തിരുവനന്തപുരം:* ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ ബി നിലവറ തുറക്കുന്നതിനുള്ള സമവായത്തിനായി സുപ്രീം കോടതി നിർദ്ദേശപ്രകാരം അമിക്കസ് ക്യൂറി ഗോപാൽ സുബ്രഹ്മണ്യം രാജകുടുംബാംഗങ്ങളുമായി ചർച്ച നടത്തി. രാജകുടുംബാംഗങ്ങൾക്ക് ഇതിനോട് താല്പര്യമില്ലായെന്നാണ് അറിയുവാൻ കഴിയുന്നത്.

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ചും അമിക്കസ് ക്യൂറി മുഖ്യമന്ത്രിയുമായി ചർച്ച നടത്തി. കേസ് നടത്തുന്നവരുടെ പ്രധാന ആവശ്യങ്ങളിലൊന്ന് മൂലവിഗ്രഹമായ അനന്തശയനത്തിന്റെ പരിശോധനയാണ്. വിഗ്രഹത്തിന്റെ സ്വർണചട്ടകളും വളകളും ചാർത്തുകളും നീക്കം ചെയ്തതിനുശേഷം സുപ്രീം കോടതി നിയോഗിച്ച പുറത്തുനിന്നെത്തിയ നാലു തന്ത്രിമാർ അടങ്ങുന്ന വിദഗ്ദ്ധ സമിതി പരിശോധിച്ചു. ഇതിനെത്തുടർന്ന് ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ വി.രതീശൻ, വിദഗ്ദ്ധ സമിതി ചെയർമാൻ എൻ.വി.നായർ എന്നിവരുമായ അമിക്കസ് ക്യൂറി ചർച്ച നടത്തി. സുപ്രീം കോടതി നിർദ്ദേശിച്ച അറ്റകുറ്റപ്പണികൾ താമസിക്കുന്നതിലും പത്മതീർത്ഥക്കുളം നവീകരിക്കുന്നതിലും കാലതാമസം നേരിടുന്നതിലും അമിക്കസ് ക്യൂറി അതൃപ്തി രേഖപ്പെടുത്തി.

# 5 ലക്ഷം രൂപ മതിയെന്ന് ക്രിസ്ത്യൻ മാനേജ്മെന്റുകൾ

*കൊച്ചി:* 11 ലക്ഷം രൂപ എംബിബിഎസിന് ഫീസ് വാങ്ങാൻ സുപ്രീം കോടതി അനുവദിച്ചെങ്കിലും അഞ്ചു ലക്ഷം രൂപ വാർഷിക ഫീസ് മതിയെന്ന നിലപാടുമായി ക്രിസ്ത്യൻ മാനേജ്മെന്റ്.

ഹൈക്കോടതി നേരത്തെ 11 ലക്ഷം രൂപ ഫീസ് ഈടാക്കാമെന്നു നിർദ്ദേശിച്ച സമയത്തുതന്നെ ക്രിസ്ത്യൻ മെഡിക്കൽ മാനേജ്മെന്റ് അസോസിയേഷൻ അഞ്ചുലക്ഷം രൂപ മാത്രമേ ഈടാക്കൂ എന്നു വ്യക്തിമാക്കിയിരുന്നു. ബോണ്ട്, ബാങ്ക് ഗാരന്റി തുടങ്ങിയവയൊന്നുമില്ലാതെയാണ് മെഡിക്കൽ പഠനത്തിന് അവസരമൊരുക്കുന്നതെന്ന് അസോസിയേഷൻ വക്താവ് ഡോ.ജോർജ് പോൾ, ഇഗ്നേഷ്യസ് എന്നിവർ പറഞ്ഞു.

# ക്രിസ്ത്യൻ മാനേജ്മെന്റുകളുടെ തീരുമാനം മാതൃകാപരം

*തിരുവനന്തപുരം:* കൂടുതൽ ഫീസ് വാങ്ങാനുള്ള അനുമതി സുപ്രീം കോടതി വിധിയിലൂടെ ലഭിച്ചിട്ടും 5 ലക്ഷം രൂപ മാത്രം മതിയെന്ന ക്രിസ്ത്യൻ മാനേജ്മെന്റുകളുടെ തീരുമാനം മാതൃകാപരമാണെന്നും ഇത് മറ്റു മാനേജ്മെന്റുകളിൽ നിന്നും പ്രതീക്ഷിക്കുന്നതായി ആരോഗ്യമന്ത്രി ശൈലജ പറഞ്ഞു.

# പിൻവലിച്ച 1000 രൂപ നോട്ടുകളിൽ 99 ശതമാനവും തിരികെ ബാങ്കുകളിൽ എത്തിയതായി റിപ്പോർട്ട്

*ന്യൂഡൽഹി:* 2016 നവംബറിൽ കേന്ദ്ര സർക്കാർ അസാധുവായി പ്രഖ്യാപിച്ച 1000 രൂപ നോട്ടുകളിൽ 99 ശതമാനവും തിരികെ ബാങ്കുകളിൽ എത്തിയതായി റിപ്പോർട്ട്. റിസർവ് ബാങ്കിനെ ഉദ്ധരിച്ചു കൊണ്ട് ഒരു ദേശിയപത്രമാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്. നവംബർ 8ന് രാത്രി പ്രധാനമന്ത്രി നരേന്ദ്രമോധി നോട്ടു നിരോധനം പ്രഖ്യാപിക്കുമ്പോൾ 6.86 ലക്ഷം കോടി രൂപ മൂല്യമുള്ള ആയിരം രൂപ നോട്ടുകളാണ് വിപണിയിലുണ്ടായിരുന്നത്. എന്നാൽ കഴിഞ്ഞ മാർച്ചിനുശേഷം 8925 കോടി രൂപ മൂല്യമുള്ള ആയിരത്തിന്റെ നോട്ടുകൾ വിപണിയിൽ ശേഷിക്കുന്നതായി ആർബിഐ വെളിപ്പെടുത്തി. പിൻവലിച്ച ആയിരം രൂപ നോട്ടുകളുടെ 1.3 ശതമാനം മാത്രമാണിതെന്നായിരുന്നു വിലയിരുത്തൽ. പിൻവലിച്ചവയിൽ 500 രൂപ നോട്ടുകളും ഉൾപ്പെടുന്നതിനാൽ, അസാധു നോട്ടുകളിൽ 99 ശതമാനവും ബാങ്കുകളിൽ തിരികെയെത്തിയത് കള്ളപ്പണം സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ കണക്കു കൂട്ടലുകൾക്ക് തിരിച്ചടിയാകും.

# കള്ളപ്പണം മാത്രമായിരുന്നില്ല ലക്ഷ്യം: ജെറ്റ്‌ലി

*ന്യൂഡൽഹി:* കഴിഞ്ഞ നവംബറിൽ നടപ്പിലാക്കിയ നോട്ടു നിരോധനത്തിലൂടെ കള്ളപ്പണ വേട്ട മാത്രമായിരുന്നില്ല ലക്ഷ്യമെന്ന് ധനമന്ത്രി അരുൺ ജെറ്റ്‌ലി.

അസാധുവാക്കപ്പെട്ട നോട്ടുകളിൽ 99 ശതമാനവും തിരിച്ചെത്തിയെന്ന റിസർവ് ബാങ്കിന്റെ വാർഷിക റിപ്പോർട്ട് പുറത്തുവന്ന സാഹചര്യത്തിലാണ് മന്ത്രിയുടെ വിശദീകരണം.

നോട്ടുനിരോധനം വൻ നാണക്കേടായിപ്പോയെന്ന് കോൺഗ്രസ് നേതാവ് പി.ചിദംബരം. കള്ളപ്പണം വെളുപ്പിക്കാനുള്ള പ്രധാനമന്ത്രി നരേന്ദ്ര മോഡിയുടെ തന്ത്രമായിരുന്നോ നോട്ടുനിരോധനമെന്ന് അദ്ദേഹം ചോദിച്ചു. നോട്ടുകൾ മാറ്റിയെടുക്കാനുള്ള നെട്ടോട്ടത്തിൽ 104 പേർ മരിക്കാനിടയായതിന് പ്രധാനമന്ത്രി മാപ്പു പറയണമെന്നും അദ്ദേഹം പറഞ്ഞു. കള്ളപ്പണത്തിനെതിരെ ഒന്നും ചെയ്യാത്തവർ വെറുതെ തെറ്റിദ്ധാരണ പരത്തുകയാണെന്ന് അരുൺ ജെറ്റ്‌ലി തിരിച്ചടിച്ചു.

# മാനേജ്മെന്റുകൾക്കു മുന്നിൽ സർക്കാർ മുട്ടുമടക്കി: രമേശ് ചെന്നിത്തല

*കോഴിക്കോട്:* സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകൾക്കു മുമ്പിൽ പിണറായി സർക്കാർ മുട്ടുമടക്കിയെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല.



എൺപത്തിയഞ്ച് ശതമാനം സീറ്റ് നീറ്റ് മെറിറ്റിലും പതിനഞ്ചു ശതമാനം സീറ്റ് പട്ടികയനുസരിച്ച് എൻ.ആർ. ഐയിലും പ്രവേശനം നടത്താൻ ലഭിച്ച സുവർണ്ണാവസരം സർക്കാർ കളഞ്ഞുകുളിച്ചു.

സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ നിന്നു പാവപ്പെട്ടവരെ തുത്തെറിഞ്ഞിരിക്കുകയാണ്. സ്പോർട്ട് അഡ്മിഷനിലൂടെ വിദ്യാർത്ഥികളെ മാനേജ്മെന്റുകൾക്കു കൊള്ളയടിക്കാൻ വിട്ടുകൊടുത്തിരിക്കുകയാണ്. കോടതിയിൽ സർക്കാർ വിദ്യാർത്ഥികളുടെ ഭാഗം വാദിക്കാൻ തയ്യാറായില്ല. സുപ്രീം കോടതി ആവർത്തിച്ചു ചോദിച്ചിട്ടും വിദ്യാർത്ഥികൾക്കു ഗ്യാരന്റി നിൽക്കാൻ തയ്യാറാകാത്തത് എന്തുകൊണ്ടായിരുന്നുവെന്നും അദ്ദേഹം ചോദിച്ചു.

# നളിനി നെറ്റോ സ്ഥാനമൊഴിഞ്ഞു കെ.എം. ഏബ്രഹാം ചീഫ് സെക്രട്ടറിയായി ചുമതലയേറ്റു



*തിരുവനന്തപുരം:* ധനകാര്യ അഡി.ചീഫ് സെക്രട്ടറി കെ. എം.ഏബ്രഹാം ചീഫ് സെക്രട്ടറിയായി ചുമതലയേറ്റു. കേരളത്തിലെ നാല്പത്തിമൂന്നാമത്തെ ചീഫ് സെക്രട്ടറിയാണ് അദ്ദേഹം. നളിനി നെറ്റോ ചീഫ് സെക്രട്ടറിയുടെ പ്രിൻസിപ്പൽ സെക്രട്ടറി പദവി ഏറ്റെടുത്തു. സെക്രട്ടറിയേറ്റ് മന്ദിരത്തിൽ ആദ്യമായി കമ്പ്യൂട്ടറുമായിയെത്തിയ കെ.എം.ഏബ്രഹാം പിന്നീട് സർക്കാരുവേണ്ടി കമ്പ്യൂട്ടർ നയം നടപ്പിലാക്കി. കൊല്ലം സ്വദേശിയായ ഇദ്ദേഹം ധനകാര്യ വകുപ്പിന്റെ ചുമതല ഒഴിഞ്ഞുവെങ്കിലും കിഫ്ബിയുടെ ചുമതലയിൽ തുടരും.

തിരുവനന്തപുരം കോളജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്ന് ബിടെക്കും കാൺപൂർ ഐ.ഐ.ടിയിൽനിന്ന് എം. ടെക്കും നേടിയ ഏബ്രഹാം കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളജിൽ കുറച്ചു കാലം അദ്ധ്യാപകനായിരുന്നു. ഡിസംബർ 31വരെ ചീഫ് സെക്രട്ടിയായി തുടരും. ഭാര്യ ഷേർഷി, മക്കൾ മാത്യു (ലണ്ടൻ ബാർക്‌ലീസ് ബാങ്ക് ഡയറക്ടർ), ആൻ(മുബൈ).



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

## ലോസ് ആഞ്ചെലോസ് മലയാളികളുടെ ഓണാഘോഷം 9ന്

*ലോസ് ആഞ്ചലോസ്:* ലോസ് ആഞ്ചെലോസ് മലയാളികളുടെ ഓണാഘോഷം 9ന് നോർവാക് പയനിയർ ബ്ലോവഡിലുള്ള സനാതന ധർമ ക്ഷേത്ര ഹാളിൽ നടക്കും.

കാലിഫോർണിയയിലെ മലയാളി സംഘടനയായ ഓർഗനൈസേഷൻ ഓഫ് ഹിന്ദു മലയാളീസ്(ഓം) ആണ് ശ്രീനാരായണ ഗുരുജയന്തിയും ഓണവും സംയുക്തമായി ആഘോഷിക്കുന്നത്.

ഡെപ്യൂട്ടി കോൺസുൽ ജനറൽ രോഹിത് രതീഷാണ് മുഖ്യാതിഥി.

ഓണസദ്യയ്ക്കുശേഷം നിരവധി സാംസ്കാരിക പരിപാടികളും ഉണ്ടായിരിക്കും. ഓണവുമായി ബന്ധപ്പെട്ടുള്ള സ്കിറ്റുകൾ, വാദ്യമേളം തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികളും ഉണ്ടായിരിക്കും.

ഓണാഘോഷവും ശ്രീനാരായണഗുരു ജയന്തിയും വൻ വിജയമാക്കാൻ എല്ലാ മലയാളികളും ഒത്തുചേരണമെന്നും ഓം പ്രസിഡന്റ് രമ നായരും, ഭാരവാഹികളായ വിനോദ് ബാഹുലേയൻ, രവി വെള്ളതിരി, സുരേഷ് എഞ്ചൂർ എന്നിവരും അഭ്യർത്ഥിച്ചു.

കൂടുതൽ വിവരങ്ങൾക്ക് സുരേഷ് 310 526 1325 വിനോദ് ബാഹുലേയൻ 818 339 0638.

## മലയാളി അസോസിയേഷൻ ഗ്രേറ്റർ ഹൂസ്റ്റൺ ഓണാഘോഷം 2ന്

*ഹൂസ്റ്റൺ:* മലയാളി അസോസിയേഷൻ ഗ്രേറ്റർ ഹൂസ്റ്റണിന്റെ (മാഗ്) ഓണാഘോഷം 2ന് രാവിലെ 11 മുതൽ വിവിധ കലാപരിപാടികളോടെ മിസൗറി സിറ്റിയിലെ പ്രസന്റ് സ്ട്രീറ്റിലുള്ള സെന്റ് ജോസഫ് ചർച്ച് ഓഡിറ്റോറിയത്തിൽ നടക്കും.

സിറ്റിമേയർമാരും മറ്റു വിശിഷ്ട അതിഥികളും പങ്കെടുക്കും.

പൂക്കളം, ചെണ്ടമേളം, മാവേലി എഴുന്നള്ളത്ത് തുടങ്ങിയവയാണ് പ്രധാന പരിപാടികൾ. ഓണസദ്യയുമൊരുക്കിയിട്ടുണ്ടെന്ന് പ്രസിഡന്റ് തോമസ് ചെറുകര, ട്രഷറർ ജോസ് കെന്നഡി എന്നിവരറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് സെക്രട്ടറി സുരേഷ് രാമകൃഷ്ണൻ (832 451 8652),

## കേരളസമാജം ഓഫ് ന്യൂജേഴ്സി ഓണാഘോഷം 9ന്

*ന്യൂജേഴ്സി:* കേരള സമാജം ഓഫ് ന്യൂജേഴ്സി ഓണാഘോഷം 9 ശനിയാഴ്ച ഉച്ചയ്ക്ക് 12.30 മുതൽ 5 വരെ ബർഗൻഫീൽഡിലെ കോൺലോൻ ഹാളിൽ നടക്കും.

വിഭവസമൃദ്ധമായ ഓണസദ്യയോടെ പരിപാടികൾക്ക് തുടക്കം. പരിപാടികളിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നതായി സംഘാടകരുടെ അറിയിപ്പിൽ പറയുന്നു.

കൂടുതൽ വിവരങ്ങൾക്ക്: ഹരികുമാർ രാജൻ 917 679 7669, ബിനു പുളിക്കൽ 973 943 2351, അജു തര്യൻ 201 385 5308, ജിയോ ജോസഫ് 914 552 2934, സെബാസ്റ്റ്യൻ ജോസഫ് 201 803 7237, അനു ചന്ദ്രോത്ത് 201 803 7237.

## ഗുരുജയന്തി ഷിക്കാഗോ ശ്രീനാരായണ സമൂഹത്തിന്റെ നേതൃത്വത്തിൽ 3ന്

*ഷിക്കാഗോ:* ഷിക്കാഗോയിലെ ശ്രീനാരായണ സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീനാരായണ ഗുരുദേവന്റെ 163-ാമതു ഗുരു ജയന്തി ആഘോഷങ്ങളും ഓണാഘോഷവും 3 ഞായറാഴ്ച 11 മുതൽ ലേക്ക് കൗണ്ടിയിലുള്ള ഹിന്ദു മന്ദിർ ഓഡിറ്റോറിയത്തിൽവെച്ച് നടക്കും.

ജയന്തിസന്ദേശം, വൈവിധ്യമാർന്ന കലാപരിപാടികൾ, ഓണസദ്യ എന്നിവയാണ് ആഘോഷപരിപാടിയിൽ. ഗുരുദേവ സന്ദേശങ്ങൾ പുതുതലമുറയ്ക്കായി പകർന്നു കൊടുക്കുവാനായി ഷിക്കാഗോയിൽ രൂപീകരിക്കപ്പെട്ട എസ്.എൻ.ഡി.പി പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ സംഘാടകർ അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: നടരാജൻ കൃഷ്ണൻ 630 532 7846, സുരേഷ് സുകുമാരൻ 631 671 7066, മോഹനൻ കൃഷ്ണൻ 847 997 9967. email:chicagonsa@gmail.com

## ചതയ ഓണാഘോഷം 17ന്

*കാലിഫോർണിയ:* ശ്രീനാരായണ പ്രസ്ഥാനങ്ങൾ ലോകമെമ്പാടും ചതയ ഓണാഘോഷം കൊണ്ടാടുന്നതിനോടൊപ്പം കാലിഫോർണിയയിൽ 17ന് ടോറൻസ് വിമൻസ് ക്ലബ് ഓഡിറ്റോറിയത്തിൽ ചതയ ഓണാഘോഷം നടത്തുന്നു.

ഓണസദ്യ, ചതയദിനഘോഷം, തിരുവാതിര, ഭരതനാട്യം, സുമൻ ലാഹ നയിക്കുന്ന സിത്താർ, കോൽകളി, പാട്ടുകൾ, സിനിമാറ്റിക് ഡാൻസ്, മ്യൂസിക് കോമഡി, ഡ്രാമ തുടങ്ങി കുട്ടികളുടെയും മുതിർന്നവരുടെയും വിവിധയിനം പരിപാടികളുടെ അതിവിപുലമായ തയ്യാറെടുപ്പുകൾ നടന്നു വരുന്നതായി ശ്രീനാരാണ അസോസിയേഷൻ കാലിഫോർണിയ ഭാരവാഹികൾ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: ഹരി പീതാംബരൻ 480 452 9047, നവീൻ മാധവൻ 425 558 6120, മനോജ് കരുണാകരൻ 310 343 1164. www.nsac.online

# വെള്ളപ്പൊക്കം: ഹൂസ്റ്റൺ സർവ്വകലാശാലയിലെ 200 ഇന്ത്യൻ വിദ്യാർത്ഥികൾ കുടുങ്ങി



*ഹൂസ്റ്റൺ:* യു.എസിലെ ഹൂസ്റ്റൺ സർവ്വകലാശാലയിൽ 200 ഇന്ത്യൻ വിദ്യാർത്ഥികൾ കുടുങ്ങിക്കിടക്കുന്നതായി റിപ്പോർട്ട്. വിദേശകാര്യ മന്ത്രി സുഷമ സ്വരാജ് ട്വിറ്ററിലാണ് ഇക്കാര്യം അറിയിച്ചത്.

കഴുത്തൊപ്പം വെള്ളത്തിലാണ് സർവ്വകലാശാലയിൽ വിദ്യാർത്ഥികൾ കഴിയുന്നതെന്ന് വിദേശകാര്യ മന്ത്രി അറിയിച്ചു. കുട്ടികൾക്ക് ഭക്ഷണം എത്തിക്കാൻ ശ്രമിച്ചെങ്കിലും ബോട്ടുകൾ ആവശ്യമായതിനാൽ യു.എസ്.കോസ്റ്റ് ഗാർഡ് അനുമതി നിഷേധിച്ചു. ഹൂസ്റ്റണിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ അനുപം റായിയാണ് രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ശാലിനി, നിഖിൽ ഭാട്ടിയ എന്നീ രണ്ട് ഇന്ത്യൻ വിദ്യാർത്ഥികളെ ഐസിയുവിൽ പ്രവേശിപ്പിച്ചതായും സുഷമ ട്വിറ്ററിൽ അറിയിച്ചു.

ഹൂസ്റ്റൺ നഗരത്തിൽ ജലനിരപ്പ് ഉയർന്നുകൊണ്ടിരിക്കുകയാണ്. നിരത്തുകളെല്ലാം വെള്ളത്തിലായി. വീടുകളിൽ നിന്നും പുറത്തിറങ്ങരുതെന്ന് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ഒരു പതിറ്റാണ്ടിനിടെ അമേരിക്ക നേരിട്ട ഏറ്റവും വലിയ കൊടുങ്കാറ്റായ ഹാർവിയുടെ പ്രഹരത്തിൽ അഞ്ചുപേർ മരിച്ചതായാണ് ഒടുവിൽ ലഭിക്കുന്ന റിപ്പോർട്ട്. 2000 പേരെ രക്ഷാപ്രവർത്തകർ സുരക്ഷിത കേന്ദ്രത്തിലെ മാറ്റി. മരണ സംഖ്യ ഉയരുമെന്ന് അധികൃതർ സൂചിപ്പിച്ചു. ഹൂസ്റ്റൺ നഗരത്തിൽ കൊടുങ്കാറ്റിൽ തകർന്ന വീടുകളിൽ നിന്നും വാഹനങ്ങളിൽ നിന്നും ആയിരത്തിലധികംപേരെ രക്ഷപ്പെടുത്തി.

കെട്ടിടങ്ങൾ തകർത്തും മേൽക്കൂരകൾ പറിച്ചെടുത്തും വീശിയടിച്ച കൊടുങ്കാറ്റിനോടനുബന്ധിച്ച് കനത്ത മഴ പെയ്തു. വൈദ്യുതി വിതരണ സംവിധാനങ്ങൾ തകർന്നിരിക്കുകയാണ്. ടെക്സാസിൽ ബുധനാഴ്ചവരെ കാറ്റു വീശുമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. ബ്രാസോസ് നദി കര കവിഞ്ഞതിനെത്തുടർന്ന് ജയിലുകളിൽ വെള്ളം കയറാൻ സാധ്യതയുള്ളതിനാൽ ടെക്സാസിലെ റോഷരോണിലെ മൂന്നു ജയിലുകളിൽ നിന്നായി 4,500 തടവുകാരെ ഒഴിപ്പിച്ചു.

# ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 71-ാമത് ഇന്ത്യൻ സ്വാതന്ത്ര്യദിനം ആഘോഷിച്ചു




**പി.പി.ചെറിയാൻ**

*ന്യൂയോർക്ക്:* ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ എഴുപത്തിയൊന്നാമത് ഇന്ത്യൻ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് മൻഹട്ടണിൽ ആഗസ്റ്റ് 20ന് സംഘടിപ്പിച്ച ഇന്ത്യാ ഡേ പരേഡ് ഇന്ത്യയിൽ നിന്നുള്ള വിശിഷ്ടാതിഥികളുടെ സാന്നിധ്യംകൊണ്ട് ശ്രദ്ധേയമായി.

ബാഹുബലിയിലെ അഭിനേതാക്കളായ റാണാ ഡഗുബാട്ടി, തമന്ന ബാട്ടിയ, ന്യൂയോർക്ക് മേയർ ബിൽ ഡി ബ്ലാസിയോ, പത്മശ്രീ അവാർഡ് സുധീർ പരിക്ക് എന്നിവർ പരേഡിൽ പങ്കെടുത്തു. ടാബ്ലോ, ബാന്റ്സ്, പോലീസ് വ്യൂഹം, വിവിധ കൾച്ചറൽ പരിപാടികൾ എന്നിവ ഇന്ത്യാ ഡേ പരേഡിന് മോടി കൂട്ടി.

യുവതലമുറയിൽപ്പെട്ട ഇന്ത്യൻ അമേരിക്കൻ വിദ്യാർത്ഥികളുടെ സാന്നിധ്യം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. ന്യൂയോർക്ക് സിറ്റിക്ക് ഇന്ത്യൻ അമേരിക്കൻ കമ്യൂണിറ്റി നകിയ വിലയേറിയ സംഭാവനകളെ മേയർ ബ്ലാഡിയോ പ്രത്യേകം അഭിനന്ദിച്ചു.

# പത്മ വിശ്വനാഥന് പോർട്ടർ ഫണ്ട് സാഹിത്യപുരസ്കാരം

**പി.പി.ചെറിയാൻ**



*അർക്കൻസാസ്:* ഇന്ത്യൻ അമേരിക്കൻ നോവലിസ്റ്റും തിരക്കഥാകൃത്തുമായ പത്മ വിശ്വനാഥന് 2017 പോർട്ടർ ഫണ്ട് സാഹിത്യപുരസ്കാരം ലഭിച്ചു. അർക്കൻസാസ് സംസ്ഥാനത്ത് ഏറ്റവും ഉയർന്ന സാഹിത്യ പുരസ്കാരമാണിത്. രണ്ടായിരം ഡോളറാണ് സമ്മാനത്തുക.

കാനഡയിൽ ജനിച്ച പത്മ വിശ്വനാഥൻ ഇപ്പോൾ യൂണിവേഴ്സിറ്റി ഓഫ് അർക്കൻസാസിലെ ക്രിയേറ്റീവ് ആന്റ് ട്രാൻസലേഷൻ പ്രൊഫസറാണ്. പത്മയുടെ ദി ടോസ് ഓഫ് ലെമൺ എട്ടു രാജ്യങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൂന്നു രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ വിറ്റഴിഞ്ഞതുമാണ്. ദി എവർ ആഫ്റ്റർ ഓഫ് ആഷ് വിൽ റാവു എന്ന നോവൽ കാനഡ, അമേരിക്ക ഇന്ത്യ ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2006 ബോസ്റ്റൺ റിവ്യൂ ഷോർട്ട് സ്റ്റോറി മത്സരത്തിൽ പത്മയുടെ ട്രാൻസിറ്ററി സിറ്റീസ് അവാർഡിനർഹമായിട്ടുണ്ട്. ഹൗസ് ഓഫ് സേക്രഡ് എന്ന നാടകവും പ്രസിദ്ധമാണ്. ഒക്ടോബർ 26ന് അർക്കൻ സാസ് ലിറ്റിൽ റോക്കിൽ നടക്കുന്ന ചടങ്ങിൽ പത്മക്ക് അവർഡ് സമ്മാനിക്കും.

# ടെക്സ്സാസ് ഫുഡ് ബാങ്കിന് ഒരു ലക്ഷം ഡോളർ സംഭാവന ചെയ്തു



**പി.പി.ചെറിയാൻ**

*നോർത്ത് ടെക്സ്സാസ്:* ഇന്ത്യോ അമേരിക്കൻ ഉപാധ്യക്ഷനായ രാജ് സി. അസാവായും ഭാര്യ അന്നയും ചേർന്ന് ഒരു ലക്ഷം ഡോളർ നോർത്ത് ടെക്സ്സാസ് ഫുഡ് ബാങ്കിനു സംഭാവന നൽകിയതായി എൻടിഎഫ്ബി പുറത്തിറക്കിയ പത്രക്കുറിപ്പിൽ പറയുന്നു.

ടെക്സ്സാസിലെ പതിമൂന്ന് കൗണ്ടികളിലായി ആയിരക്കണക്കിന് പാവങ്ങൾക്ക് ആഹാരം നൽകുന്ന പദ്ധതിക്ക് സംഭാവന നൽകിയ ഇന്ത്യോ അമേരിക്കൻ ദമ്പതിമാരോടു ഞങ്ങൾ കടപ്പെട്ടിരിക്കുന്നുവെന്ന് പത്രക്കുറിപ്പിൽ തുടർന്നു പറയുന്നു.

ടെലിവിഷൻ ചാനലിലൂടെയും മാധ്യമങ്ങളുടെയും പ്രചരണങ്ങൾ സംഘടിപ്പിച്ചു കുടുതൽ പേരെ ഇതിലേക്ക് ആകർഷിക്കുവാൻ ഇന്ത്യോ അമേരിക്കൻ കൗൺസിലിന്റെയും എൻടിഎഫ്ബിയുടെയും സംയുക്താഭിമുഖ്യത്തിൽ ശ്രമിക്കുമെന്ന് അന്ന അസാവ പറഞ്ഞു. ഓരോ വർഷവും ഒരു മില്യൻ മീൽസ് വിതരണം ചെയ്യുമെന്നും ഇവർ അറിയിച്ചു. ഫുഡ് ബാങ്ക് പ്രസിഡന്റും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ ത്രിഷ കുന്നിംഗ് ഹാം ദമ്പതിമാരുടെ മാതൃകാപരമായ പ്രവർത്തനത്തെ അഭിനന്ദിച്ചു. 2025 ആകുന്നതോടെ 92 മിഷ്യൻ പേർക്ക് ആഹാരം എത്തിക്കാനുള്ള പദ്ധതിയാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് ത്രിഷ പറഞ്ഞു.

ഫുഡ് ബാങ്കിന്റെ സ്ഥിതി വിവര കണക്കുകൾക്കനുസരിച്ചു ഇന്ത്യൻ സമൂഹത്തിന്റെ വളർച്ചാ നിരക്ക് അതിവേഗത്തിലാണെന്നും ഇപ്പോൾ 2 ലക്ഷം പേർ റീജിയണിലുണ്ടെന്നും ചൂണ്ടിക്കാണിക്കുന്നു.

ഉദാരമതികളായവർ സംഘടനയെ സഹായിക്കുവാൻ മുന്നോട്ടു വരണമെന്നും ഇവർ അഭ്യർത്ഥിച്ചു.

# ടെക്സ്സാസ്: മലയാളി സമാജം ഓഫ് ലിഗ് സിറ്റിയുടെ ഓണാഘോഷം

**ജീമോൻ റാന്നി**

*ടെക്സ്സാസ്:* മലയാളി സമാജം ഓഫ് ലിഗ് സിറ്റി വർണ്ണക്കഴ്ചയുടെ വൈവിധ്യമൊരുക്കിക്കൊണ്ട് പൊന്നോണത്തെ വരവേൽക്കുന്നു. ടെക്സ്സാസ് സിറ്റിയിൽ നിന്നും ജലമാർഗമെത്തുന്ന മാവേലിയെ ലീഗ് സിറ്റി മലയാളികൾ ചെണ്ടമേളത്തിന്റെയും താലപ്പൊലിയുടെയും അകമ്പടിയോടെ എഴുന്നെള്ളിക്കും. ലീഗ് സിറ്റിയിലെ എല്ലാ മലയാളികളും ജാതി മതഭേദമെന്യേ ആവേശപൂർവ്വം മറ്റ് പരിപാടികളെല്ലാം മാറ്റി വെച്ച് കാത്തിരിക്കുന്ന ആഘോഷമാണ് ഓണം.

9ന് ലീഗ് സിറ്റിയിലുള്ള വാൾട്ടർ ഹാൾ പാർക്ക് ഓഡിറ്റോറിയത്തിൽവെച്ചു രാവിലെ 9ന് പരിപാടിൾക്ക് തുടക്കം കുറിക്കും. പുലികളി, തിരുവാതിര എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഘോഷയാത്രയും ലീഗ് സിറ്റി മലയാളികൾ അവതരിപ്പിക്കുന്ന നാടൻ ചെണ്ടമേളവും വഞ്ചിപ്പാട്ടുകളും നാടൻപാട്ടുകളും വിവിധ കലാവിരുന്നുകളും അരങ്ങേറും. വിഭവ സമൃദ്ധമായ ഓണസദ്യക്കുശേഷം കുട്ടികളുടെയും മുതിർന്നവരുടെയും വടംവലി, കബഡികളി തുടങ്ങി പത്തോളം മത്സരങ്ങൾ നടക്കും. തുടർന്ന് സമ്മാനദാനം.

# ഇന്ത്യ പ്രസ് ക്ലബ് നോർത്ത് അമേരിക്ക ദേശീയസമ്മേളനം സമാപിച്ചു



*ഷിക്കാഗോ:* അമേരിക്കൻ മലയാളി പ്രവർത്തകരുടെ കൂട്ടായ്മയായ ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ദേശീയ സമ്മേളനം സമാപിച്ചു.

കൃഷിവകുപ്പ് മന്ത്രി വി.എസ്.സുനിൽകുമാർ ഹോളിഡേ അറ്റാസ്കയിൽ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു.

പ്രവാസി മലയാളികളുടെ വാർത്താമാധ്യമങ്ങൾ ലോകമെമ്പാടുമുണ്ടെങ്കിലും സംഘടിതമായ ഒരു മാധ്യമ പ്രവർത്തകരുടെ കൂട്ടായ്മ അമേരിക്കയിൽ മാത്രമാണെന്നും അതിനു നേതൃത്വം നൽകുന്ന ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഭാരവാഹികളെ അദ്ദേഹം അനുമോദിച്ചു.

ഷിക്കാഗോ സന്ദർശിക്കുക തന്റെ ജീവിതാഭിലാഷമായിരുന്നു. ലോകചരിത്രത്തിൽ തന്നെ സാമ്രാജ്യത്വത്തിനെതിരെ പടപൊരുതി രക്തസാക്ഷികളെ സൃഷ്ടിച്ച് ലോകത്താകമാനമുള്ള തൊഴിലാളികളുടെ അവകാശം നേടിയെടുത്ത ചരിത്ര പാരമ്പര്യമുള്ള മണ്ണിൽ കാലുകുത്താനായത് ഒരു ഭാഗ്യമായി കരുതുന്നു. ഷിക്കാഗോ രക്തസാക്ഷികളുടെ രക്തം വീണ വിപ്ലവമണ്ണിനെക്കുറിച്ച് മുദ്രാവാക്യം വിളികേട്ടാണ് തന്നിലെ വിപ്ല വീര്യം ഉണർന്നതെന്നും സുനിൽകുമാർ പറഞ്ഞു.

എം.ബി.രാജേഷ് എം.പി പ്രഭാഷണം നടത്തി.

# കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ

**ശ്രീകുമാർ പി.**

*ന്യൂയോർക്ക്:* കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ പ്രഖ്യാപിച്ചു. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന 90 കുട്ടികൾക്ക് ഈ വർഷം 250 ഡോളർ വീതം സ്കോളർഷിപ്പു നൽകുമെന്ന് ട്രസ്റ്റീ ബോർഡ് ചെയർമാൻ ഷിബു ദിവാകരൻ, സ്കോളർഷിപ്പ് കമ്മിറ്റി ചെയർമാൻ പ്രൊഫ.ജയകൃഷ്ണൻ എന്നിവർ അറിയിച്ചു.

തുടർച്ചയായ 12-ാം വർഷമാണ് കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക കേരളത്തിലെ കുട്ടികൾക്കായി സ്കോളർഷിപ്പ് നൽകുന്നത്. സമർത്ഥരായ കുട്ടികളെ സഹായിക്കാനുള്ള സംരംഭത്തിന് കൂടുതൽ സംഘടനകളുടെയും വ്യക്തികളുടെയും പിന്തുണ ആവശ്യമാണെന്നും അമേരിക്കയിൽ താമസിക്കുന്ന ഓരോ ഹിന്ദു മലയാളികുടുംബവും ഈ പദ്ധതിയുമായി സഹകരിക്കണമെന്നും ഭാരവാഹികൾ അറിയിച്ചു.

സ്കോളർഷിപ്പ് പദ്ധതി വിജയിപ്പിക്കാൻ പരിശ്രമിച്ച എല്ലാവരേയും അഭിനന്ദിക്കുന്നു. 350ഓളം കുട്ടികൾക്ക് പഠന സഹായം നൽകാൻ കഴിഞ്ഞുവെന്നത് അഭിമാനകരമായ കാര്യമാണെന്ന് അവർ അഭിപ്രായപ്പെട്ടു. ആഗസ്റ്റ് 26ന് തിരുവനന്തപുരത്തു വെച്ച് സ്കോളർഷിപ്പുകൾ വിതരണം ചെയ്തു.



ഷിക്കാഗോയിലെ പോസ്റ്റൽ പ്ലാന്റുകളിലും ഓഫീസുകളിലും ജോലി ചെയ്യുന്ന മലയാളി ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കും വേണ്ടി ഗ്ലെൻവ്യൂ ജോൺസ് പാർക്കിൽ നടത്തിയ പിക്നിക്കിൽ നിന്നും. അഗസ്റ്റിൻ ഉലഹന്നാൻ, മനോജ് അച്ചേട്ട്, ബിൻസ് വെളിയത്തുമാലിൽ, സച്ചു കുര്യൻ, റോയി മാത്യു, ജോർജ് പണിക്കർ, സജി പുതൃക്കയിൽ എന്നിവർ നേതൃത്വം നൽകി.

For Advertisement Tel: 267-991-2111
CONTACT US

# ചാനലുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ മ്യൂസിക് ഡാൻസ് ടാലന്റ് ഷോ

*ന്യൂയോർക്ക്:* സോളിഡ് ആക്ഷൻ ടിവി യു.എസിന്റെ നേതൃത്വത്തിൽ ഫ്രണ്ട്സ് ഓഫ് കമ്യൂണിറ്റി യു.എസും അമേരിക്കൻ ബിസിനസ്സ് റഫറൽ നെറ്റ്‌വർക്കുമായി ചേർന്ന് ഏഷ്യാനെറ്റ്, പ്രവാസി ടിവി, ജെയ്ഹിന്ദ് ടിവി, ജെസ് പഞ്ചാബി ടി.വി. പവർ വിഷൻ യു.എസ് എന്നീ ചാനലുകളുടെ സഹകരണത്തോടെ നടത്തുന്ന മ്യൂസിക്, ഡാൻസ് ആന്റ് ടാലന്റ് ഷോയും അവാർഡ് നിശയും 24ന് വൈകിട്ട് 5ന് ന്യൂയോർക്കിലെ ടൈസൻ സെന്ററിൽ വെച്ചു നടത്തുന്നു.

റവ.ജോൺ തോമസ്, വി.എം. ചാക്കോ, കൃപാൽ സിങ്, സുഭാഷ് കപാഡിയ, ഹേമന്ദ് ഷാ, അമിത കർവാൾ, ഹേമ വിരാനി എന്നിവർ ഈ ഷോയുടെ മുഖ്യാതിഥികളായിരിക്കും. സൗജന്യമായിട്ടാണ് ഷോ അവതരിപ്പിക്കുന്നത്.

ഈ വർഷം ഗ്രാജുവേറ്റ് ചെയ്ത മികച്ച വിദ്യാർത്ഥികൾക്കുള്ള പുരസ്കാരങ്ങൾ ഈ ഷോയിൽ വിതരണം ചെയ്യുന്നതാണ്. മികച്ച കർഷകർക്കുള്ള അവാർഡുകളും വിതരണം ചെയ്യും.

ന്യൂയോർക്ക് ട്രൈസ്റ്റേറ്റ് ഏരിയായിലുള്ളവർക്കാണ് അവസരം. അവാർഡിനുള്ള എൻട്രികൾ ക്ഷണിക്കുന്നതായി ഭാരവാഹികൾ അറിയിച്ചു. അവസാന തീയതി 10.

കൂടുതൽ വിവരങ്ങൾക്ക്
ഷാജി 917 868 6960, കോശി 437 867 1200
2017ihv@gmail.com

# സ്പെല്ലിംഗ് ബീ മത്സരങ്ങളുടെ തുടക്കം



**ശ്രീകുമാർ ഉണ്ണിത്താൻ**

*ന്യൂയോർക്ക്:* 2018 ജൂലൈ 4 മുതൽ 7 വരെ ഫിലഡൽഫിയയിലെ വാലി ഫോർജ് കൺവൻഷൻ സെന്റർ ആന്റ് കസിനോയിൽ നടക്കുന്ന ഫൊക്കാന കൺവൻഷനോടൊപ്പം വിദ്യാർത്ഥികൾക്കായി നടത്തുന്ന സ്പെല്ലിംഗ് ബീ മത്സരത്തിന്റെ നാഷണൽ കോ ഓർഡിനേറ്ററായ ഫൊക്കാന ജോയിന്റ് സെക്രട്ടറി ഡോ. മാത്യു വർഗീസ്, കോർഡിനേറ്റമാരായി മാഡ്സൺ മാത്യു, ജോർജ് ഓലിക്കൽ, ബോബി ജേക്കബ്, അജിൻ ആന്റണി എന്നിവരെ നിയമിച്ചതായി പ്രസിഡന്റ് തമ്പി ചാക്കോ, സെക്രട്ടറി ഫിലിപ്പോസ് ഫിലിപ്പ് എന്നിവർ അറിയിച്ചു.

ഫൊക്കാനയുടെ കഴിഞ്ഞ മുപ്പതു വർഷങ്ങൾ പ്രവാസി മലയാളികളുടെ ചരിത്രത്തിന്റെ ഭാഗമാണ്. ഫൊക്കാന മലയാളം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം കുട്ടികളുടെ ഇംഗ്ലീഷിലെ അഭിരുചി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്പെല്ലിംഗ് ബീ മത്സരങ്ങൾ നടത്തുന്നത്.

എല്ലാ റീജയനുകളിൽ മത്സരങ്ങൾ നടത്തി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് ജൂലൈ 4 മുതൽ നാലു ദിവസങ്ങളിലായി നടത്തുന്ന ഫൊക്കാന കൺവൻഷനിൽ നടക്കുന്ന സ്പെല്ലംഗ് ബീ മത്സരത്തിൽ പങ്കെടുക്കാൻ കഴിയുന്നതാണ്. അഞ്ചു മുതൽ ഒമ്പതാം ക്ലാസുവരെ പഠിക്കുന്ന കുട്ടികൾക്ക് ഇതിൽ പങ്കെടുക്കാം. നാഷണൽ മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് മുൻവർഷങ്ങളിലേതുപോലെ കാഷ് അവാർഡും ആകർഷകങ്ങളായ സമ്മാനങ്ങളും നൽകുന്നു.

കേരള സംസ്കാരം അമേരിക്കയിൽ നഷ്ടപ്പെടാതിരിക്കാൻ അക്ഷീണ പരിശ്രമം നടത്തുന്ന ഫൊക്കാന 2018 കൺവൻഷന് ഒരുങ്ങിക്കഴിഞ്ഞു. നാഷണൽ കോർഡിറ്ററായി ഡോ.മാത്യു വർഗീസ്, കോർഡിനേറ്റർമാരായി മാഡ്സൺ മാത്യു, ജോർജ് ഓലിക്കൽ, ബോബി ജേക്കബ്, അജിൻ ആന്റണി എന്നിവരെ തെരഞ്ഞെടുത്തതായി ട്രഷറർ ഷാജി വർഗീസ്, ട്രിസ്റ്റീ ബോർഡ് ചെയർമാൻ ജോർജി വർഗീസ്, എക്സി.വൈ. പ്രസിഡന്റ് ജോയി ഇട്ടൻ കൺവൻഷൻ ചെയർമാൻ മാധവൻനായർ എന്നിവർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഡോ. മാത്യു വർഗീസ് 734 634 6616

# മാർത്തോമ സഭാകൗൺസിലേക്ക്



**ഷാജി രാമപുരം**

*ന്യൂയോർക്ക്:* മാർത്തോമ സഭയുടെ നോർത്ത് അമേരിക്കൻ യൂറോപ്പ് ഭദ്രാസനത്തിൽ നിന്നും സഭയുടെ ഭരണ സമിതിയായ സഭാ കൗൺസിലിലേക്ക് റവ.ജോജി തോമസ്, വർക്കി ഏബ്രഹാം, നിർമ്മല ഏബ്രഹാം എന്നിവർ തെരഞ്ഞെടുക്കപ്പെട്ടതായി ഭദ്രാസനാധിപൻ ബിഷപ്പ് ഡോ. ഐസക് മാർ ഫിലക്സിനോസ് അറിയിച്ചു.

റാന്നി വടശ്ശേരി സ്വദേശിയും ന്യൂയോർക്ക് എപ്പിഫനി മാർത്തോമ ഇടവക വികാരിയുമായ റവ.ജോജി തോമസ് കർണ്ണാടകയിലെ ഹോണോവാർ മേഖലകളിലെയും വടക്കൻ തിരുവിതാംകൂർ മേഖലകളിലെയും മാർത്തോമ സ്കൂളുകളുടെയും സെക്കന്തരബാദ് സെന്റ് തോമസ് ഇംഗ്ലീഷ് ഹൈസ്കൂൾ പ്രിൻസിപ്പലുമായ മാർത്തോമ യുവജന സഖ്യം കേന്ദ്ര കമ്മിറ്റി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

ന്യൂയോർക്കിലെ ലോംഗ് ഐലന്റ് മാർത്തോമ ഇടവകാംഗമായ വർക്കി ഏബ്രഹാം മുൻ സഭാ കൗൺസിൽ അംഗവും സഭയുടെ എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡ് അംഗവുമായിരുന്നു. യുണൈറ്റഡ് മീഡിയ ആന്റ് പ്രവാസി ചാനൽ ചെയർമാനും ഹാനോവർ കമ്യൂണിറ്റി ബാങ്ക് ഡയറക്ടറുമാണ്.

ഡലവെയർ സ്റ്റേറ്റിൽ താമസിക്കുന്ന നിർമ്മല ഏബ്രഹാം ഫിലാഡൽഫിയ മാർത്തോമ ഇടവകാംഗവും നോർത്ത് അമേരിക്ക യൂറോപ്പ് ഭദ്രാസന സേവികാ സംഗമത്തിന്റെ പ്രഥമ സെക്രട്ടറിയും ഭദ്രാസന നേതൃത്വത്തിൽ ആരംഭിച്ച മെക്സിക്കോ മിഷൻ, നേറ്റീവ് അമേരിക്കൻ മിഷൻ എന്നിവയുടെ പ്രഥമ കൺവീനറായിരുന്നു.

# ഹൂസ്റ്റൺ വേൾഡ് മലയാളി കൗൺസിൽ ഓണം ആഘോഷിച്ചു



**ജീമോൻ റാന്നി**

*ഹൂസ്റ്റൺ:* വേൾഡ് മലയാളി കൗൺസിൽ ആഗസ്റ്റ് 19ന് ഓണമാഘോഷിച്ചു.

ലക്ഷ്മി മ്യൂസിക് അക്കാദമിയിലെ കുട്ടികളുടെ ശ്രവണമധുരമായ ഗാനാലാപത്തോടെ തുടക്കം. പ്രസിഡന്റ് എസ്.കെ.ചെറിയാൻ അദ്ധ്യക്ഷത വഹിച്ചു. അജി നായരുടെ നേതൃത്വത്തിൽ ചെണ്ടമേളത്തോടെ മാവേലിയുടെ എഴുന്നള്ളത്ത്. മുഖ്യാതിഥി ശശിനായർ ഓണസന്ദേശം നൽകി. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ പ്രസിഡന്റ് തോമസ് ചെറുകര, സ്റ്റാഫോർഡ് സിറ്റി കൗൺസിൽമാൻ കെ.എൻ.മാത്യു, വേൾഡ് മലയാളി കൗൺസിൽ അമേരിക്കാ റീജിയൻ പ്രസിഡന്റ് പി.സി.മാത്യു, മലയാളി പ്രസ് കൗൺസിൽ പ്രസിഡന്റ് എ.സി.ജോർജ്, പ്രവാസി ന്യൂസ് എഡിറ്റർ ബ്ലസൻ ഹൂസ്റ്റൺ, മാധ്യമപ്രവർത്തകൻ ജിമോൻ റാന്നി, വോയിസ് ഓഫ് ഏഷ്യ പബ്ലീഷർ കോശി തോമസ് എന്നിവർ പ്രസംഗിച്ചു.

സുകു ഫിലിപ്പ് ഗാനമാലപിച്ചു. ലക്ഷ്മി ഡാൻസ് അക്കാദമി കുട്ടികളുടെ നൃത്തവും സുശീലൻ വർക്കലയുടെ മിമിക്രിയും ഉണ്ടായിരുന്നു.

ഡോ.എം.എസ്.സുനിലിനെ പൊന്നുപിള്ള പൊന്നാട അണിയിച്ച് ആദരിച്ചു.

പ്രോഗ്രാം കോർഡിനേറ്റർ ജെയിംസ് കൂടലിന്റെ നന്ദിയും ജേക്കബ് കുടശനാട് സ്വാഗതവും പറഞ്ഞു.

# ഭാഗവതം ഹ്യൂമാനിറ്റേറിയൻ അവാർഡ് രേഖാ നായർക്ക്

*ന്യൂയോർക്ക്:* ഭാഗവതം വില്ലേജ് ഹ്യൂമാനിറ്റേറിയൻ അവാർഡ് രേഖ നായർക്ക് സമ്മാനിച്ചു. സ്വാമി ഉദിത് ചൈതന്യജിയുടെ നേതൃത്വത്തിൽ ന്യൂയോർക്കിൽ നടന്ന ചടങ്ങിൽ വെച്ചാണ് നൽകിയത്.

സഹജീവിക്കുവേണ്ടി സ്വന്തം അവയവം പകുത്തു നിൽകിയ രേഖ നായർ ഈശ്വരതുല്യമായ പ്രവർത്തനമാണ് നടത്തിയതെന്ന് സ്വാമിജി അഭിപ്രായപ്പെട്ടു.

വൃക്ക സ്വീകരിച്ച ദീപ്തി കടന്നുപോയ വിഷമഘട്ടങ്ങൾ ഓർക്കുമ്പോൾ തന്റെ പ്രവൃത്തി ഒന്നുമല്ലെന്നും ഈ അവാർഡ് ദീപ്തിക്കായി സമർപ്പിക്കുന്നുവെന്നും രേഖ പറഞ്ഞു.

ന്യൂയോർക്കിൽ ഹൈന്ദവ സമൂഹത്തിൽ പ്രവർത്തിക്കുന്ന വിക്രമൻ ചങ്കരത്ത്, ബാലകൃഷ്ണൻനായർ എന്നിവരും അവാർഡിന് അർഹരായി.

ഡോ.ഉണ്ണിക്കൃഷ്ണൻ തമ്പി, ഡോ.റാം പോറ്റി, ഡോ. നിഷ പിള്ള, ഗോപിനാഥ് കുറുപ്പ്, സതീഷ് കലത്ത്, വിനോദ് പ്രീത്, വനജ നായർ, രഘുവരൻനായർ, വാസന്തി രാജ്മോഹൻ, ബാഹുലേയൻ രാഘവൻ, രാജഗോപാൽ കുന്നപ്പിള്ളി, ജി.കെ.നായർ, ജയപ്രകാശ് നായർ, താമര രാജീവ്, രഘുനാഥൻ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

# ധനശേഖരണാർത്ഥം ഷോ നടത്തുന്നു

*ഡാളസ്:* മാർത്തോമ്മ ചർച്ച് ഓഫ് ഡാളസ് ബ്രാഞ്ച്യു യുവജന സഖ്യത്തിന്റെ ധനശേഖരാണർത്ഥം 3 ഞായറാഴ്ച മാർത്തോമ ഇവന്റ് സെന്ററിൽ ഷോ നടത്തുന്നു.

സംഗീതവും നൃത്തവും ഹാസ്യവും ഇടകലർന്ന ചലച്ചിത്ര ടെലിവിഷൻ രംഗത്തെ പുതിയ തലമുറയിലെ കഴിവുറ്റ പ്രതിഭകൾ പങ്കെടുക്കുന്നു. യുവപ്രതിഭയായ ശ്രേയ ജയദീപയോടൊപ്പം എം.ജി. ശ്രീകുമാർ, രമേശ് ബാബു, സുമി എന്നിവർ പങ്കെടുക്കും.

ഏഷ്യനെറ്റിൽ വെള്ളാനകളുടെ നാട് കോമഡി സ്കിറ്റിലൂടെ ചിരിയലകളുയർത്തിയ ഷിബു ലബാൻ, അപ്പുക്കുട്ടൻ എന്നിവർ ചേർന്നൊരുക്കുന്ന മിമിക്സ് കോമഡിയും പ്രശസ്തരായ കലാപ്രതികൾ നയിക്കുന്ന നയന മനോഹരമായ നൃത്തനൃത്തങ്ങളും.

ടൈറ്റാൻ കോൺട്രാക്ടേഴ്സ് മെഗാ സ്പോൺസറും ക്രിക്ക് വ്യൂ ഫാമിലി ടെൻറ്റിസ്ട്രി ഗ്രാൻഡ് സ്പോണസറുമാണ്. സിഗ്മട്രാവൽ ആന്റ് ടൂർസ് ഇവന്റ് സ്പോൺസറുമാണ്. കൂടുതൽ വിവരങ്ങൾക്ക്; റവ.സജി പി.സി 214 412 7951, റവ.മാത്യു ശമുവേൽ 972 975 7468, ജോബി ജോൺ 214 235 3888

# നിര്യാതരായി

## അല്ലി ജോർജ്



പരേതനായ ഡോ. ജോർജ് വലിയവീടന്റെ ഭാര്യ അല്ലി ജോർജ് (77) ന്യൂജേഴ്സിയിലെ ഫ്രീഹോൾഡിൽ നിര്യാതയായി.

പരേത മോനിപ്പള്ളി അമ്പലത്തുങ്കൽ കുടുംബാംഗമാണ്. മക്കൾ ഡേവിഡ്, കാതലീൻ.

പേരക്കുട്ടികൾ ജോർഡിൻ, എലിസബത്ത്, ലെക്സി, ക്രിസ്റ്റഫർ, എലീന.

സഹോദരങ്ങൾ: പെണ്ണമ്മ കുര്യൻ ചെറുശ്ശേരിൽ മിനസോട്ട, ആൻസി കോര കളപ്പുരയിൽ കരിങ്കുന്നം, ഫ്ളോറി ജോസ് കൊപ്പുഴ താമ്പാ, ജോസ് അമ്പലത്തുങ്കൽ മിനസോട്ട, സിറിയക് അമ്പലത്തുങ്കൽ ഹൂസ്റ്റൺ, ഏബ്രഹാം അമ്പലത്തുങ്കൽ മിനസോട്ട, ജെലി ലൂക്ക് മൂന്നുപറയിൽ ടാമ്പാ, പരേതനായ ജോണി, ജാനേ ജയിംസ് വെട്ടിക്കാട്ടിൽ ന്യൂജേഴ്സി.

ആഗസ്റ്റ് 26ന് നടന്ന സംസ്കാര ശുശ്രൂഷയെ തുടർന്ന് കത്തോലിക്ക സെമിത്തേരിയിൽ സംസ്കാരം നടന്നു.

## ഏലിയാമ്മ വർഗീസ്



കുളനട കിളന്നമണ്ണിൽ പരേതനായ ഏബ്രഹാം വർഗീസിന്റെ ഭാര്യ ഏലിയാമ്മ വർഗീസ് (86) നിര്യാതയായി.

പട്ടാഴി ചെമ്പകശ്ശേരിയിൽ പരേതനായ മത്തായി യോഹന്നാന്റെയും ശോശാമ്മയുടെയും മകളാണ് പരേത.

ആഗസ്റ്റ് 27ന് ഫിലഡൽഫിയ ഫുൾ ഗോസ്പൽ അസംബ്ലി ചർച്ചിയിലെ ശുശ്രൂഷയെ തുടർന്ന് സംസ്കാരം നടന്നു.

അനുശോചനത്തിന്: കെ. ജെ.ഏബ്രഹാം 267 994 5119

വാർത്ത നൽകിയത് ജീമോൻ ജോർജ്.

## സുരേഷ് ജോസഫ്



ബാങ്ക് ഓഫ് ന്യൂയോർക്ക് മെല്ലോൺ വൈസ് പ്രസിഡന്റ് സുരേഷ് ജോസഫ് (54) നിര്യാതനായി.

കോട്ടയം കൊല്ലാട് വടക്കത്തുശ്ശേരിൽ പരേതനായ വി. കെ.ജോസഫിന്റെയും റേച്ചൽ ജോസഫിന്റെയും ഏകമകൻ. ഭാര്യ തിരുവല്ല മുണ്ടകത്തിൽ ഗ്രേസ് ജോസഫ് വെയ്നിലുള്ള യുവിഎസിലെ മാനേജരാണ്. ജെയ്സൺ, റയൻ ജോസഫ് എന്നിവരാണ് മക്കൾ.

ഏകസഹോദരി സുനിത കോണ്ടൂർ കാനഡയിൽ. ന്യൂജേഴ്സിയിലെ ന്യൂജേഴ്സി ഡോൾഫ് മാർത്തോമ്മാ ചർച്ച് അംഗമായിരുന്നു.

ആഗസ്റ്റ് 24ന് നടന്ന ശുശ്രൂഷയെ തുടർന്ന് ഈസ്റ്റ് ഹാനോവറിലുള്ള ഗേറ്റ് ഓഫ് ഹെവൻ സെമിത്തേരിയിൽ സംസ്കാരം നടന്നു.

അനുശോചനത്തിന് തോമസ് കുട്ടി ഡാനിയേൽ 973 349 6782.

## തോമസ് എം. മാമ്മൻ



മടയ്ക്കൽ പീടികയിൽ തോമസ് എം. മാമ്മൻ (64) നിര്യതനായി.

ഭാര്യ മാരാമൺ മണക്കണ്ടത്തിൽ സൂസമ്മ (റിട്ട. ഹെഡ്മിസ്ട്രസ്), മക്കൾ സിജു (ഡാളസ്), സാജു, എബിൻ. മരുമക്കൾ: അജി (ഡാളസ്) റിൻസു. കൊച്ചുമക്കൾ ജോആൻ, ജോയൽ.

സംസ്കാരം പുത്തൻകാവ് മതിലകം മാർത്തോമ ദേവാലത്തിൽ നടന്നു.

അനുശോചനത്തിന് 740 622 7334.

## ഷൈൻ



ആലക്കോട് ഉദയഗിരി താമരശ്ശേരിൽ ആന്റണി വർഗീസിന്റെയും പരേതയായ അന്നമ്മയുടെയും മകൻ ഷൈൻ (44) എഡ്മണ്ടിൽ നിര്യാതനായി.

ഭാര്യ ജാസ്മിൻ മുടയരിഞ്ഞി ഇരട്ടി തെക്കേടത്ത് കുടുംബാംഗമാണ്. മക്കൾ അലീഷാ, അലീന. എഡ്മൺ സെന്റ് അൽഫോൺസ സീറോ മലബാർ ഇടവകാംഗമാണ്.

സംസ്കാരം ആഗസ്റ്റ് 21ന് ഔവർ ലേഡി ഓഫ് പീസ് സെമിത്തേരിയിൽ നടന്നു.

# നോർവാക്ക് ഔവർ ലേഡി ഓഫ് അസംപ്ഷൻ സീറോ മലബാർ മിഷൻ മാതാവിന്റെ തിരുനാൾ



**ഷോളി കുമ്പിളവേലി**

കണക്റ്റിക്കെട്ട്: നോർവാക്ക് ഔവർ ലേഡി ഓഫ് അസംപ്ഷൻ സീറോ മലബാർ മിഷന്റെ തിരുനാൾ മാതാവിന്റെ ജനന തിരുനാളിനോടനുബന്ധിച്ച് 10 ഞായറാഴ്ച സമുചിതമായി ആഘോഷിക്കുന്നു.

വൈകിട്ട് 3.15ന് നടക്കുന്ന ആഘോഷമായ തിരുനാൾ കുർബാനയിൽ ഫാ.സെബാസ്റ്റ്യൻ പണ്ടാരത്തിൽക്കുടിയിൽ മുഖ്യകാർമികത്വം വഹിക്കും. കുർബാനയ്ക്കുശേഷം ലദീഞ്ഞ് ആഘോഷമായ പ്രദക്ഷിണവും ഉണ്ടായിരിക്കും. വൈകിട്ട് ആറു മുതൽ കുട്ടികളും മുതിർന്നവരും അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികളും ഉണ്ടായിരിക്കും. തുടർന്ന് സ്നേഹവിരുന്നോടെ പെരുന്നാൾ സമാപിക്കും.

വിശുദ്ധ മാതാവിന്റെ ജനന തിരുനാളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുവാൻ എല്ലാ വിശ്വാസികളേയും മിഷൻ ഡയറക്ടർ ഫാ.ജെയിംസ് വടക്കുന്നേൽ സ്വാഗതം ചെയ്യുന്നു. ജോൺസൺ പുരയിടത്തിൽ, ബിജു വർക്കി, ജോബി വർഗീസ്, സി.വി.ജോൺസൺ എന്നിവരാണ് ഇക്കൊല്ലത്തെ തിരുനാൾ പ്രസുദേന്തിമാർ.

കൂടുതൽ വിവരങ്ങൾക്ക് ജിബി ഗ്രിഗറി 203 921 5137 ബോബി ജോർജ് 516 244 8910





*കാലിഫോർണിയ:* സീറോ മലബാർ കാത്തലിക് കോൺഗ്രസിന്റെ നേതൃത്വത്തിൽ മൂന്നു വിഭാഗങ്ങളിൽ സ്കൂൾ, കോളജ് വിദ്യാർത്ഥികൾക്കായി നടത്തിയ ഉപന്യാസ രചന മത്സരത്തിലെ വിജയികൾ.

ഒന്നാം വിഭാഗത്തിൽ കാലിഫോർണിയായിലെ സാന്റാ ആനാ ഇടവകയിലെ ഡോണാ ഫിലിപ്പ് ഒന്നാം സ്ഥാനവും ഷിക്കാഗോ സെന്റ് തോമസ് ഇടവകയിൽ നിന്നുള്ള ഗ്രേസ് ലിൻ ഫ്രാൻസിസ് രണ്ടാം സ്ഥാനവും കാലിഫോർണിയ സാക്രമെന്റോ ഇടവകയിൽനിന്ന് ജോയൽ ജോർജ്, ഷിക്കാഗോ സീറോ മലബാർ ഇടവകയിൽ നിന്നുള്ള ജെസ്റ്റീന ഫ്രാൻസിസും അർഹരായി. രണ്ടാം വിഭാഗത്തിൽ ഒന്നാം സ്ഥാനം ഡോണാ ജിൻ (സീറോ മലബാർ ചർച്ച് ന്യൂയോർക്ക്), രണ്ടാം സ്ഥാനം ജെയ്ക് ജോസഫ് (സെന്റ് തോമസ് ഫൊറോനാ ചർച്ച്, ഹൂസ്റ്റൺ), മൂന്നാം സ്ഥാനം അലീന ലൂക്കോസ്, ഗുഡ്വിൻ ഫ്രാൻസിസ് എന്നിവരും അർഹരായി.

മൂന്നാം വിഭാഗത്തിലെ വിജയികൾ ആഷ്‌ലി ഡോമിനിക് അനീറ്റാ ടോം, മീരാ ബാബു എന്നിവരാണ്.




# President Ram Nath Kovind's address to the nation



Dear Fellow Citizens engaged in the task of nation building

My greetings to you as we complete 70 years of our Independence.

Our country will be celebrating its 71st Independence Day tomorrow. On the eve of this anniversary I extend my good wishes to all of you.

On August 15, 1947, we became a free nation. Sovereignty and the responsibility for our destiny moved from the British crown to the people of India. Some have called this process a "transfer of power".

It was much more than that. It was the culmination of a dream for our country – a dream seen by our forefathers and freedom fighters. We were free to imagine and build our nation anew.

It is crucial to understand that this dream for a free India was rooted in our ordinary villages, in the well-being of our poor and underprivileged, and in the all-round development of our country.

For this we owe so much to the countless freedom fighters who made great sacrifices to bring us here.

Chennamma, the Rani of Kittur. Lakshmibai of Jhansi. Matangini Hazra, the heroine and martyr of the Quit India Movement. There are so many examples.

Matangini Hazra was an elderly woman, into her 70s. She was shot by the colonial police in Tamluk, in Bengal, while leading a peaceful protest march. She died with "Vande Mataram" on her lips and with the hope of a free India in her heart.

Freedom fighters like Sardar Bhagat Singh, Chandra shekhar Azad, Ram Prasad Bismil, Ashfaqullah Khan, Birsa Munda and thousands of others gave their lives for us. We can never forget them.

From the earliest days of our freedom struggle, we were blessed with a galaxy of revolutionary leaders who guided our country.

They spoke of not just political freedom. Mahatma Gandhi emphasised the moral character of India and of Indian society. The principles that Gandhiji spoke about are relevant even today.

Gandhiji was not alone in this nationwide struggle for freedom and reform. Netaji Subhas Chandra Bose exhorted our people, saying: "Give me blood and I will give you freedom". At his word, millions of Indians joined the freedom movement under his leadership and gave their all.

Nehruji emphasised that India's age-old heritage and traditions – so dear to us – could co-exist with technology and a quest to modernise our society.

Sardar Patel instilled in us the importance of national unity and integrity. And of a disciplined national character.

Babasaheb Bhim Rao Ambedkar urged upon us the virtues of constitutional governance, of the rule of law – and of the vital need for education.

I have given only a few examples of illustrious leaders. I could give you many more. The generation that brought us to freedom was diverse. They were men and women who represented all parts of our country and a variety of political and social thought.

We need to draw inspiration from such brave freedom fighters, many of whom sacrificed even their lives for the country. We need to invoke the same spirit today in the task of nation building.

The stress on the moral basis of policy and action, belief in unity and discipline, faith in a synthesis of heritage and science, and promotion of the rule of law and of education – all of it was located in a partnership between citizen and government.

That is how our nation has been built – by a partnership between citizen and government, between individual and society, between a family and the wider community.

Fellow Citizens

A tradition I remember from my childhood was that when there was a wedding in any one family, the entire village shared the responsibility and contributed. Regardless of the caste or community, the bride became the daughter of not just a single family but of the entire village.

Neighbours and others living in the village looked after guests, and took charge of different arrangements. Contributions came from many families. One family would send food-grains for the wedding, another would send vegetables, a third would arrive with some other item.

There was a sense of caring and of sharing, and of interdependence. If you helped your neighbours in their times of need, they instinctively helped you in turn.

Today, in big cities we may not even know our neighbours. Whether in cities or villages, it is important to renew that sense of caring and sharing. This will make us a gentler and happier society and help us understand each other with greater empathy.

Fellow Citizens

This spirit of empathy and of social service and volunteerism is very much alive in India. There are so many people and organisations that work quietly and diligently for the poor and the disadvantaged.

They could be running schools for street children, caring for stray animals and birds, and providing water to hard-to-reach tribal communities in remote areas. Or cleaning rivers and public places. They are nation builders in action, and we need to draw inspiration from them.

We should also work with unity and purpose to ensure that the benefits of government policies reach all sections of society. For this, the partnership between citizens and government remains essential: The government has started the Swachchh Bharat campaign – but it is for each of us to ensure a Swachchh Bharat

·The government is building toilets or helping build toilets – but it is for each of us to use those toilets and make India open-defecation free

·The government is enabling communication infrastructure – but it is for each of us to use the Internet for the right purposes: to bridge knowledge gaps, create opportunities, and enhance educational and information access

·The government is promoting the idea of Beti Bachao–Beti Padhao – but it is for each of us to ensure that our daughters are not discriminated against and get the best education

·The government can frame laws and strengthen law enforcement – but it is for each of us to be a law-abiding citizen. And to build a law-abiding society

·The government is pushing transparency and eliminating corruption in public recruitment and procurement – but it is for each of us to answer to our inner conscience in everyday life

·The government is implementing GST to eliminate multiple taxes and simplify transactions – but it is for each of us to make this an essential part of our everyday transactions and business culture

I am happy that the transition to the GST system has been smooth. It should be a matter of pride for all of us that the taxes we pay are used for nation building – to help the poor and the marginalised, to build rural and urban infrastructure, and to strengthen our border defences.

Fellow Citizens

In the year 2022, our country will complete 75 years of Independence. It is our national resolve to attain certain desired milestones for a New India by then.

When we speak of a New India, what do we mean? There are some obvious parameters – like a house for every family, power on demand, better roads and telecom, a modern railway network, rapid and sustained growth.

And yet there is more. New India must include that integral humanist component that is in our DNA, and which has defined our country and our civilisation. New India must be a society rushing towards the future, but also a compassionate society.

·A compassionate society where the traditionally disadvantaged, whether SCs, STs or OBCs, are part of our national developmental process

·A compassionate society where populations in our frontier areas and states, who may sometimes feel a sense of alienation, are embraced as our brothers and sisters

·A compassionate society where the deprived child, the aged and the ailing senior citizen, and the poor and the under-privileged are always in our thought – not an afterthought. And where we take special care to ensure that our divyang brothers and sisters get equal opportunities in all walks of life

·A compassionate and egalitarian society that does not discriminate on gender or religious background

·A compassionate society that enriches our human capital and equips our young people by promoting accessible, affordable and world-class educational institutions. And where quality health-care and nutrition are not a challenge

It is only with all this that we will build the New India we can cherish – where every Indian is equipped to fulfil his or her potential and do so in a manner that leaves each one of us content and happy. And helps each of us contribute to society and our country.

I am confident that a strong partnership between citizens and the government will allow us to meet the goals of New India.

Your immense patience and understanding in the days following demonetisation – and your whole-hearted support in the battle against corruption and black money – reflected a responsible and enlightened society.

Demonetisation has boosted our efforts to build an honest society. We must sustain this spirit and this momentum.

Fellow Citizens

There is also need to adopt technology. We must use technology to empower our people and achieve the goal of poverty elimination in a single generation. Poverty and New India are simply not compatible.

Today, the world is looking at India with admiration. Our country is seen as a responsible global citizen, a growing economy, and a solution provider to various international challenges – such as climate change, disasters, conflicts, humanitarian crises, radicalism and terrorism.

The Tokyo Olympics of 2020 offer another opportunity for us to raise our standing in the world's eyes. Over the coming three years, we should absorb ourselves in this national mission. Government agencies, sports bodies and business enterprises need to join hands to identify and support our talented sportspersons and provide them world-class training facilities – so that they can be even more successful in Tokyo.

As citizens and children of India – whether we live at home or abroad – we must ask ourselves how we can add to our country's pride.

Fellow Citizens

It is natural for us to think of our families, but we must also think of society. We must heed the call for that extra degree of selflessness, that extra something beyond just duty. A mother who nurtures and brings up her child is not just doing a duty. She is displaying a unique selflessness.

·Our soldiers who guard our borders, on a hot day in the desert or high up on a cold mountain, are not just doing their duty. They are displaying an extra degree of selflessness

·Our police and paramilitary forces that brave death to combat terrorism or crime and keep us safe are not just doing their duty. They are displaying an extra degree of selflessness

·Our farmers who labour under extremely tough conditions to grow food to feed fellow Indians whom they have never met, and who live in the other corner of the country, are not just doing a job. They are displaying an extra degree of selflessness

· After natural disasters, so many motivated people, civil society groups and public agencies work day-and-night in rescue and relief operations. They display an extra degree of selflessness

Can each of us not imbibe this spirit of selflessness?

We can and we have.

On an appeal from the Prime Minister, more than one crore families voluntarily gave up their LPG fuel subsidy – so that a gas cylinder could reach the kitchen of a poorer family of fellow Indians. And so that members of that family, particularly women, were saved from smoke from chulhas that damaged their eyes and lungs.

I salute those families that gave up their subsidy. No law or government order made them do what they did. Their response came from within.

We should draw inspiration from these families. Each of us must find a way to give back to society. Each of us must choose one thing we can do to help another, less-fortunate Indian.

The single most critical factor for building our nation is to equip our coming generation. We need to ensure that not one child is left behind. As such I would urge you, as fellow nation builders, to help educate less-privileged children in our society. Help teach a child other than your own. Enrol and pay the school fees or buy the books of at least one child other than your own. Just one!

Our India is at the door of great achievements. In a few years, we will become a fully literate society. We must set the bar higher, and aim to become a fully educated society.

We are all stake-holders in this mission. If we achieve it, our country will change before our eyes. And we will become agents of this defining change.

Two thousand five hundred years ago Gautam Buddha said, "… Be a lamp unto yourself …" If we follow his teachings, acting together, with the passion of our freedom movement, we can collectively be the 125 crore lamps that light up the path to a New India.

Once more, I wish all of you the very best on the eve of our 71st Independence Day.

Jai Hind

Vande Matram

# വള്ളപ്പടയിൽ നിന്ന് വള്ളംകളിയിലേക്ക്...



ജോർജ് തഴക്കര

കിഴക്കൻകേരളത്തിന്റെ ജലാത്സവമാണ് വള്ളം കളി. വള്ളംകളിയുടെ പ്രാരംഭചരിത്രം പടപ്പുറപ്പാടുമായി ബന്ധപ്പെട്ടതാണ്.

അനവധി നാട്ടുരാജ്യങ്ങളുടെ സംഘാതമാണ് കേരളം. കേരളപ്പഴമയ്ക്ക് മഴുവഴക്കത്തോളം പഴക്കമുണ്ട്. നാട്ടുരാജാക്കന്മാരായിരുന്നു ഈ പ്രദേശങ്ങൾ ഭരിച്ചിരുന്നത്. അതിർത്തികൾ സംരക്ഷിച്ച് നിലനിർത്തുന്നതിനും നാട്ടുപ്രമാണികളെ വരുതിയിൽ കൊണ്ടുവരുന്നതിനുമായി അതിർത്തി പ്രദേശങ്ങളിൽ പടവെട്ട് പതിവായിരുന്നു. സഞ്ചാരയോഗ്യമായ നിരത്തുകൾ കുറവായിരുന്നതിനാൽ ജലമാർഗ്ഗമായിരുന്നു ആശ്രയം. പ്രതീക്ഷിക്കാത്ത സ്ഥലത്തും സമയത്തും കടന്നാക്രമണം നടത്തുവാനും ജലസഞ്ചാരം ഏറെ ഫലപ്രദമായിരുന്നു. തെക്കുംകൂർ, വടക്കുംകൂർ, കായംകുളം, ചെമ്പകശേരി തുടങ്ങിയ രാജാക്കന്മാർ ഇതിനായി 'വള്ളപ്പട' എന്ന പേരിൽ ജലയുദ്ധമാർഗ്ഗങ്ങൾ സ്വീകരിച്ചിരുന്നു.

ജലയുദ്ധപരിശീലനത്തിന്റെ ഭാഗമായി തോണി തുഴയൽ മത്സരമായി നടത്തിയിരുന്നു. ജലപ്പരപ്പിനെ വെട്ടിമുറിച്ച് ഒഴുക്കിൻവേഗതയിൽ മുന്നേറുന്ന വള്ളപ്പടയ്ക്ക് രാജാവ് വിളംബരം കൊട്ടി, ആനയമ്പാരിമേളങ്ങളോടെ പാരിതോഷികം നൽകി പ്രോത്സാഹിപ്പിച്ചിരുന്നു. ഇതിൽ ആവേശം പൂണ്ട യുവാക്കൾ വള്ളപ്പടയിൽ ചേരാനും അങ്കം വെട്ടാനും തയ്യാറായി. ഈ മത്സരവേളകളിൽ ധാരാളം പേർ ഇരുകരകളിൽ നിന്നും ആവേശം പകർന്നിരുന്നു. വാക്കും വായ്ത്താരിയും തോണി തുഴയൽ മത്സരത്തിന്റെ ഭാഗമായി.

കായംകുളം വള്ളപ്പടയെ അതിജീവിക്കുന്നതിനായി കൂടുതൽ തുഴച്ചിൽക്കാർ കയറുന്ന വള്ളത്തിന്റെ മാതൃക ഉണ്ടാക്കുവാൻ ചെമ്പകശ്ശേരി രാജാവ് ആവശ്യപ്പെട്ടു. കൊടുപ്പുന്ന വെങ്കിടിയിൽ നാരായണൻ ആശാരി തെങ്ങിൻ കൊതുമ്പുകൊണ്ട് മാതൃക ഉണ്ടാക്കി രാജാവിന്റെ പ്രീതി നേടി. കൊതുമ്പുവള്ളത്തിന്റെ പ്രത്യേകതയും വിജയസാധ്യതയും മനസ്സിലാക്കിയ രാജാവ് അത്തരത്തിലുള്ള വള്ളം നിർമ്മിക്കുന്നതിനുള്ള തടിയും പണക്കിഴിയും നൽകി. ആദ്യയാത്ര നടത്തിയത് രാജാവുതന്നെയായിരുന്നു. അകമ്പടിക്കാർ കൊമ്പും കുഴലുമൂതി മറ്റു വള്ളങ്ങളിൽ അനുധാവനം ചെയ്തു. രാജാവ് കയറിയ ചുണ്ടൻവള്ളത്തിന് പ്രജകൾ പള്ളിയോടം എന്നുവിളിച്ചു.

ഇതിന്റെ നിർമ്മാണരീതി മനസ്സിലാക്കിയ കായംകുളത്തേയും തെക്കുംകൂർ- വടക്കുംകൂർ രാജാക്കന്മാരും ചുണ്ടൻവള്ളങ്ങൾ നിർമ്മിച്ചു. ജലാശയത്തിലൂടെയുള്ള പടപ്പുറപ്പാടിന്റെ മുന്നണിപ്പോരാളിയായി ചുണ്ടൻവള്ളങ്ങൾ മാറി. തുഴച്ചിലും പടവെട്ടുമായി മുന്നേറിയ വള്ളപ്പടയ്ക്ക് അകമ്പടിയായി വെപ്പുവള്ളങ്ങളും നിർമ്മിക്കപ്പെട്ടു. പടയാളികൾക്ക് അന്നം പാകം ചെയ്യുന്നവർക്കുവേണ്ടിയുള്ളതായിരുന്നു ഈ വള്ളങ്ങൾ. വെപ്പുകാരുടെ വള്ളം എന്നർത്ഥത്തിലാണ് ഇതിനു 'വെപ്പുവള്ളം' എന്ന പേരുവന്നത്. നിർമ്മിതിയുടെ പ്രത്യേകതകൊണ്ട് 'പരുന്തുവാലൻ' എന്നും വെപ്പുവള്ളം അറിയപ്പെട്ടു.

അപ്രതീക്ഷിതമായി ആക്രമണം നടത്തുന്നവരാണ് ഒടിയൻമാർ. രാത്രികാലങ്ങളിൽ ശത്രുപ്പട അറിയാതെ മുന്നേറുന്നതിനായി രൂപകല്പനകളിൽ ചെറിയ മാറ്റങ്ങൾ വരുത്തിയ വള്ളങ്ങളാണ് ഇരുട്ടികുത്തി അഥവാ ഒടിയൻ വള്ളങ്ങൾ. കവർച്ചക്കാരെ നേരിടുന്നതിനായി കച്ചവടക്കാരാണ് ഇത്തരത്തിള്ള വള്ളങ്ങൾ സാധാരണയായി ഉപയോഗിച്ചിരുന്നത്. മറ്റൊരിനം വള്ളമാണ് നടുഭാഗം. കൂടുതൽ ആളുകളെ കൊണ്ടുപോകുന്നതിനായിട്ട് ഈ വള്ളമാണ് ഉപയോഗിച്ചിരുന്നത്. നാട്ടുരാജ്യങ്ങളുടെ സുരക്ഷിതത്വത്തിന്റെ ഭാഗമായിരുന്നു ഈ വിഭാഗത്തിലുള്ള വള്ളങ്ങളെല്ലാം.

തിരുവിതാംകൂറിന്റെ ഭരണാധികാരിയായി മാറി മാർത്താണ്ഡവർമ്മ രാജ്യവിസ്തൃതിയാണ് ആദ്യം ലക്ഷ്യമിട്ടത്. അതിലൂടെ തിരുവിതാംകൂറിനെ കാർഷികസമൃദ്ധിയുള്ള രാജ്യമാക്കി മാറ്റാം എന്നതായിരുന്നു ലക്ഷ്യം. കായംകുളവും ചെമ്പകശ്ശേരിയും പിടിച്ചടക്കി തിരുവിതാംകൂറിന്റെ ഭാഗമാക്കിയതോടെ വള്ളപ്പടയുടെ പ്രാധാന്യം കുറഞ്ഞു. നാട്ടുരാജ്യങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി കരസഞ്ചാരത്തിനുള്ള വഴികൾ വെട്ടിത്തെളിച്ചു. ജലതടങ്ങളെ പാലങ്ങൾ കൊണ്ടും കെട്ടുവള്ളങ്ങളുടെ പ്രചാരം കൊണ്ടും യോജിപ്പിച്ചു. കമ്പോളങ്ങളിലേക്ക് ഭക്ഷ്യോല്പാദനങ്ങളും തടിയുരുപ്പടികളും മറ്റും കൊണ്ടുപോകുന്നതിനായിരുന്നു പിന്നീട് ജലമാർഗ്ഗം ഉപയോഗിച്ചിരുന്നത്.

തോണീസഞ്ചാരവുമായി ബന്ധപ്പെട്ട് തുഴച്ചിൽപ്പാട്ടുകൾ രൂപപ്പെട്ടു. ആ പാട്ടുകൾക്കെല്ലാം ഒരു പ്രത്യേക താളമുണ്ടായിരുന്നു. ജലത്തിന്റെ ഉയർച്ചതാഴ്ചകളായിരുന്നു ഈ പാട്ടിന് താളമായത്. 'നതവും ഉന്നതവും' (ഉയർച്ചയും താഴ്ചയും) ചേർന്ന താളം നതോന്നതയായി പിൽക്കാലത്ത് അറിയപ്പെട്ടു. അനുഗ്രഹീത കവിയായ രാമപുരത്ത് വാര്യർ ഈ താളത്തിനൊത്തൊരു പാട്ട് രചിച്ചു.

മാർത്താണ്ഡവർമ്മ മഹാരാജാവ് വൈക്കം ക്ഷേത്രം സന്ദർശിക്കുന്നു. അദ്ദേഹത്തിനു സമർപ്പിക്കുന്നതിനായിട്ടാണ് രാമപുരത്തു വാര്യർ കുചേലവൃത്തം എഴുതിയത്. തന്റെ നിത്യദാരിദ്ര്യം രാജാവിനെ അറിയിക്കുക എന്നതായിരുന്നു കാവ്യരചനയുടെ ഉദ്ദേശ്യം. അതുവരെ ശ്രദ്ധിക്കപ്പെടാത്ത താളത്തിൽ പാടിയ പാട്ട് രാജാവിന് ഇഷ്ടപ്പെട്ടു. കൊട്ടാരത്തിലേക്കുള്ള മടക്കയാത്രയിൽ വാര്യരേയും ഒപ്പം കൂട്ടി. തോണീ സഞ്ചാരവും ആ സഞ്ചാരത്തിനനുസരിച്ചുള്ള താളാത്മകമായ പാട്ടും രാജാവിന് വാര്യരോടുള്ള സ്നേഹം വർദ്ധിക്കുന്നതിനു ഇടയാക്കി. കുറച്ചുനാളുകൾക്കുശേഷം വാര്യർ രാമപുരത്തെത്തിയപ്പോൾ ചിതലെടുത്തു ജീർണ്ണിച്ചു തുടങ്ങിയ തന്റെ വീടിന്റെ സ്ഥാനത്ത് മറ്റൊരു വീട് കണ്ടതിശയിച്ചു. ശ്രീകൃഷ്ണനെ കണ്ട കുചേലന്റെ അനുഭവംപോലെ. കുചേലവൃത്തം എന്ന പാട്ട് പിന്നീട് മലയാള സാഹിത്യചരിത്രത്തിലെ ഒര ദ്ധ്യായമായി. വഞ്ചിപ്പാട്ട് പ്രസ്ഥാനം എന്ന പേരിലാണ് അതറിയപ്പെട്ടത്.

ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ടാണ് പിന്നീട് വള്ളം കളിക്ക് പ്രചാരം ലഭിക്കുന്നത്. ചമ്പക്കുളം മൂലം വള്ളംകളി, പായിപ്പാട് ചതയം വള്ളംകളി, ആറന്മുള ഉത്തൃട്ടാതി വള്ളംകളി എന്നിവ ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ട വള്ളംകളികൾ. അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ പ്രതിഷ്ഠയുമായി ബന്ധപ്പെട്ടതാണ് ചമ്പക്കുളം മൂലം വള്ളംകളി. ഹരിപ്പാട് ശ്രീസുബ്രഹ്മണ്യസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ടതാണ് പായിപ്പാട് ചതയം വള്ളംകളി. ആറന്മുള ശ്രീ പാർത്ഥസാരഥി ക്ഷേത്രവുമായി ബന്ധപ്പെട്ടതാണ് ഉത്തൃട്ടാതി വള്ളംകളി.

അതിഥി സ്വീകരണവുമായി ബന്ധപ്പെട്ട് ആരംഭിച്ചതാണ് പുന്നമടക്കായലിൽ നടക്കുന്ന നെഹ്റു ട്രോഫി വള്ളംകളി. 1952ൽ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ തിരു-കൊച്ചി സന്ദർശനത്തിന്റെ ഭാഗമായിട്ടാണ് ഈ വള്ളംകളി ആരംഭിച്ചത്. നെഹ്റു കോട്ടയത്തുനിന്നും ആലപ്പുഴയിലേക്ക് ബോട്ടു യാത്ര നടത്തി. അദ്ദേഹത്തോടൊപ്പം ഇന്ദിരാഗാന്ധിയും മക്കൾ സഞ്ജയ്ഗാന്ധിയും രാജീവ് ഗാന്ധിയുമുണ്ടായിരുന്നു. ആലപ്പുഴയിൽവെച്ച് നൽകുന്ന സ്വീകരണത്തിന്റെ ഭാഗമായി കുട്ടനാട്ടിലെ ചുണ്ടൻവള്ളങ്ങൾ വേമ്പനാട്ടുകായലിൽ അണിനിരന്നിരുന്നു. ഈ സ്വീകരണത്തിന് നേതൃത്വം നൽകിയത് മാവേലിക്കരക്കാരായ എൻ.പി. ചെല്ലപ്പൻ നായരും പി.സി.അലക്സാണ്ടറുമായിരുന്നു. ഇരുവരും ജില്ലയുടെ സാരഥികളായിരുന്നു. നെഹ്റുവിന്റെ ബോട്ട് മൺട്രോ വിളക്കിനടുത്തെത്തിയപ്പോൾ ചുണ്ടൻവള്ളങ്ങൾ തുഴച്ചിൽ ആരംഭിച്ചു. അതൊരു മത്സരമായി രൂപപ്പെട്ടു. ആവേശഭരിതനായ നെഹ്റു ഒന്നാമതായെത്തിയ നടുഭാഗം ചുണ്ടൻവള്ളത്തിൽ കയറി അതിന്റെ ക്യാപ്റ്റനായ പയ്യനാട്ട് ചാക്കോ മാപ്ലയെ അനുമോദിച്ചു.

പ്രധാനമന്ത്രിയുടെ തിരുകൊച്ചി സന്ദർശനത്തിന്റെ ബാക്കിപത്രം ജലസഞ്ചാരവുമായി ബന്ധപ്പെട്ട അനുഭവമായിരുന്നു. തനിക്കു നൽകിയ സ്വീകരണത്തിന് പ്രതികരണമെന്നോണം വെള്ളിയിൽ തീർത്ത ചുണ്ടൻ വള്ളത്തിന്റെ മാതൃക ജില്ലാ ആസ്ഥാനത്തെത്തിച്ചു. ഇത് ചരിത്രത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനായി ആ ട്രോഫിക്കായി പിറ്റേവർഷം വള്ളംകളി മത്സരം ആരംഭിച്ചു. പ്രൈംമിനിസ്റ്റേഴ്സ് ട്രോഫി എന്നായിരുന്നു അതറിയപ്പെട്ടത്. നെഹ്റുവിന്റെ നിര്യാണത്തോടെ അത് നെഹ്റു ട്രോഫി വള്ളംകളിയായി.

1952ൽ കുമരകം ചതയം വള്ളംകളിയും 1957ൽ നീരേറ്റുപുറം തിരുവോണം വള്ളംകളിയും തുടർന്ന് കരുവാറ്റ വള്ളംകളിയും ആരംഭിച്ചു. ഇതിന്റെ പിൻമുറയിൽപ്പെട്ടതാണ് അച്ചൻകോവിലാറിലെ പ്രായിക്കര മദർ തെരേസ വള്ളംകളിയും. ഇരുപതു വർഷം മുമ്പ് കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിലാണ് ഈ ജലോത്സവത്തിന് തുടക്കമിട്ടത്.

1910 ഓഗസ്റ്റ് 27ന് യുഗോസ്ലാവിയയിലെ കടൽത്തീര പ്രദേശമായ സ്കോപ്യിൽ ജനിച്ച്, മിഷനറിസ് ഓഫ് ചാരിറ്റിയുടെ പ്രവർത്തകയായി ഇന്ത്യയിലെത്തിയ മദർ തെരേസയുടെ നാമത്തിൽ ഈ വള്ളംകളി രൂപാന്തരപ്പെട്ടു. കുഷ്ഠരോഗത്തെക്കാൾ ഭയാനകമാണ് അനാഥത്വമെന്നു മനസ്സിലാക്കിയ പാവങ്ങളുടെ അമ്മ 136 രാജ്യങ്ങളിൽ 647 സ്നേഹഭവനങ്ങളും അനുബന്ധപ്രവർത്തനങ്ങളും നടത്തി സമന്വയത്തിന്റെ സന്ദേശമായി. രാജ്യം ഭാരതരത്നം നൽകി ആദരിച്ചു. 1997 സെപ്റ്റംബർ 5ന് മദർ തെരേസ ദിവംഗതയായി. 1973ലും 74ലും 93ലും മദർ കേരളത്തിലെത്തിലെത്തിയിരുന്നു. കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ നടത്തിവന്നിരുന്ന പ്രായിക്കര ജലോത്സവം 1998 മുതൽ മദർ തെരേസ ട്രോഫി ജലോത്സവമായി മാറി.

സമന്വയത്തിന്റെ പ്രതീകമാണ് ജലം. ആരാധനയിലും അനുഷ്ഠാനങ്ങളിലും ആഘോഷങ്ങളിലും ജലം വിശുദ്ധിയുടെ പ്രതീകമാണ്. ജലം കൂടാതെ ജീവിതവും ജീവനുമില്ല. ജലസംരക്ഷണമാണ് ജലോത്സവങ്ങളുടെ പ്രാധാന്യം.

ക്രിസ്തുദേവൻ ജലത്തെ സ്പർശിച്ചപ്പോൾ ജലാശയങ്ങൾ ശുദ്ധീകരിക്കപ്പെട്ടുവെന്ന് ക്രൈസ്തവപാരമ്പര്യം. നദീതടങ്ങളിലായിരുന്നുവല്ലോ പർണ്ണശാലകൾ രൂപപ്പെട്ടത്. ശ്രീകൃഷ്ണൻ കാളിയ വിഷം നിർമലമാക്കിയത് ജലാശയത്തിൽ വെച്ചായിരുന്നുവല്ലോ. ശ്രീബുദ്ധന്റെ തോണിയാത്ര സത്യത്തിന്റെ പൊരുൾതിരിക്കലായിരുന്നു. മതാചാര്യന്മാരുടെ ജലയാത്രകൾ ഐക്യകേരളത്തിന്റെ സന്ദേശമായിരുന്നുവെന്നതും സാംസ്കാരിക ചരിത്രം.

# ൨൦-ാം നൂറ്റാണ്ട് നൽകുന്ന പാഠം

*പ്രഭാഷണം*

**ഡോ. അലക്സാണ്ടർ കാരയ്ക്കൽ**



തുടർച്ച

**ന**ല്ല കലാകാരന്മാർ ഉദയം ചെയ്യുന്നത് അവർ മരിക്കുന്നതോടെയാണ്. അദ്ദേഹം മരിച്ചു. അതിനുശേഷമുള്ള കാലഘട്ടം വലിയ വലിയ പ്രശ്നങ്ങളുടെ കാലമായിരുന്നു. വുഡ്രോ വിൽസൻ മരിച്ച് ഇരുപതു വർഷം കഴിഞ്ഞ് രണ്ടാം ലോകമഹായുദ്ധം ആരംഭിക്കുന്നു. ലോകത്തിന് വലിയ പ്രയാസങ്ങൾ ഉണ്ടാകുന്നു. ഏകാധിപത്യം വളർന്നു. ഹിറ്റ്ലർ ജർമനിയിൽ ഉയർന്നു. മുസോളിനി ഇറ്റലിയിൽ ഉയർന്നു. ടോജോ ജപ്പാനിലുയർന്നു. അന്നാണ് റോം ബർലിൻ ടോക്യോ ആക്സിസ് എന്ന നാമകരണം ഉണ്ടാകുന്നത്. ലോകം ഞങ്ങളാൽ കറങ്ങണം എന്ന് ഹിറ്റ്ലർ പറഞ്ഞു. മുസോളിനി അതേറ്റു പാടി. ജപ്പാൻ പ്രധാനമന്ത്രി ടോജോ ശരിയെന്നു പറഞ്ഞു. ഞാൻ ആര്യവംശത്തിൽ പിറന്നവനാണ് ഹിറ്റ്ലർ പറഞ്ഞു. മുസോളിനി പറഞ്ഞു, ഞാൻ എന്റെ രാജ്യം പഴയ റോമാ സാമ്രാജ്യമാക്കുമെന്ന്. ഹിരോ ഹിരോ ചക്രവർത്തി പാരമ്പര്യമുള്ള ചക്രവർത്തിമാരാണെന്ന് ജപ്പാൻ. ഏഷ്യ ഞങ്ങളുടെ കൈകളിലാണെന്നതാണ് ഞങ്ങളുടെ അഭിമാനം. ഇതാണ് റോം ബർലിൻ ടോക്യോ അച്ചുതണ്ട്. കഴിഞ്ഞ ദിവസം നാഷനൽ ലോ സ്കൂളിലേക്ക് ഒരു പരീക്ഷയുണ്ടായിരുന്നു. ഒരുപാടുപേര് എഴുതിയ പരീക്ഷയാണ്. ചോദ്യത്തെക്കുറിച്ച് വലിയ ആക്ഷേപം ഉയർന്നു. അതിലെ ഒരു ചോദ്യമായിരുന്നു റോം ബെർലിൻ ടോക്യോ ആക്സിസ്.

പത്തിരുപതുവർഷം മുമ്പ് ഞാൻ പി.എസ്.സിയിൽ സബജക്ട് എക്സ്പ്രർട്ടായിരുന്ന കാലത്ത് ഒരു ഇന്റർവ്യൂവിൽ മൺറോ തുരുത്ത് എവിടെയാണെന്ന് ചോദിച്ചു. ഉയർന്ന മാർക്കു വാങ്ങിയ ഒരു പെൺകുട്ടി. എല്ലാ ചോദ്യത്തിനും ഉത്തരം പറഞ്ഞു. മൺറോ തുരുത്ത് എവിടെയാണെന്ന് അറിയില്ല. പല സൂചനകളും കൊടുത്തു. റോം ബർലിൻ ഉടമ്പടിയെക്കുറിച്ച് ചോദിച്ചു. സാർ പോ ചാവ് എന്നാൽ എന്താണെന്നു ചോദിച്ചു. പണ്ട് ഇങ്ങനെ ഒരു ചോദ്യം ചോദിച്ചപ്പോൾ ചോദിച്ച ആളിനോട് വിദ്യാർത്ഥി പറഞ്ഞു സാറ് പോയി ചാവാൻ. സാർ എന്നു പറഞ്ഞാൽ റഷ്യൻ ചക്രവർത്തിയുടെ പേരാണ്. പോ എന്നാൽ ഇറ്റലിയിലെ നദിയുടെ പേരാണ്. ചാവ് എന്നു പറഞ്ഞാൽ ചാവ് കടൽ. ഇതു മൂന്നിൽ നിന്നും എന്താണ് മനസ്സിലാക്കുന്നതെന്നായിരുന്നു ചോദ്യം. മെമ്പറായിരുന്ന എ.പി. ഉദയഭാനുസാറ് ഇതു കേട്ടിട്ട് വളരെ രസിച്ചു. അദ്ദേഹം മാതൃഭൂമി എഡിറ്ററായിരുന്നതിനുശേഷമുള്ള കാലമാണ്.

1939 സെപ്റ്റംബർ രണ്ടാം തീയതി രണ്ടാം ലോകമഹായുദ്ധം ഉണ്ടായി. ആ കാലത്താണ് മനോഹരമായ ചില പ്രസംഗങ്ങൾ ലോകത്തിനു ലഭിച്ചത്. ഒരു പ്രസംഗം കൊണ്ട് ലോകത്തെ രക്ഷിക്കാമെന്നതിന്റെ ഉദാഹരണമാണത്. ജർമനിയും ജപ്പാനും ഇറ്റലിയും ഒരു വശത്ത്. ഫ്രാൻസും ഇംഗ്ലണ്ടും മറുവശത്ത്. രണ്ടു ലോകമഹായുദ്ധങ്ങളിലും ഓർക്കേണ്ടുന്ന കാര്യം ഇംഗ്ലണ്ടും ജർമനിയും വിരുദ്ധ ചേരിയിലായിരുന്നു എന്നതാണ്. എന്നാൽ ഇന്ന് അവർ ഒന്നാം ശക്തികളല്ല. അന്ന് അവരായിരുന്നു ഒന്നാം ശക്തികൾ. ഇംഗ്ലണ്ടിന്റെ പ്രധാനമന്ത്രി നെബൽ ചേംബർ ലൈനായിരുന്നു. യുദ്ധം വേണ്ടായെന്നുള്ള പക്ഷക്കാരനായിരുന്നു അദ്ദേഹം. അനുനയത്തിനു ശ്രമിച്ചു. അതിന്റെ പേരിൽ ചില സ്ഥലങ്ങൾ വിട്ടുകൊടുത്തു. കരാറിൽ ഒപ്പിട്ടു. അതിന്റെ മഷി ഉണങ്ങുന്നതിനു മുമ്പുതന്നെ ഹിറ്റ്ലർ ചെക്കോസ്ലോവാക്കിയ ആക്രമിച്ചു. ചേംബർ ലൈന് ബ്രിട്ടീഷ് പ്രധാനമന്ത്രി പദവി രാജി വെയ്ക്കേണ്ടിവന്നു. ഈ ഘട്ടത്തിൽ മറ്റൊരു സംഭവം നടന്നു.

ഇംഗ്ലണ്ടിലെ മഹാനായ ചക്രവർത്തിയായിരുന്നു എഡ്വേർഡ് രണ്ടാമൻ. അദ്ദേഹം ചക്രവർത്തിയായി സ്ഥാനാരോഹണം ചെയ്യുന്ന സമയത്താണ് അദ്ദേഹം ഒരു സ്ത്രീയെ സ്നേഹിക്കുന്നത്. ബ്രിട്ടീഷ് ചരിത്രത്തിൽ വിവാഹത്തിന് വലിയ പ്രാധാന്യമുണ്ട്. തന്റെ സ്നേഹം ബ്രിട്ടീഷ് ജനതയെ അറിയിക്കാൻ തീരുമാനിച്ചു. ഇംഗ്ലണ്ടിലെ രാജാവോ രാജ്ഞിയോ വിവാഹം ചെയ്യണമെങ്കിൽ ബ്രിട്ടീഷ് മന്ത്രിസഭയുടെ അംഗീകാരം വേണം. അദ്ദേഹം ഇന്ത്യയിൽ പ്രിൻസ് ഓഫ് വേൽസ് എന്ന പേരിൽ ഇവിടെ വന്നിട്ടുണ്ടായരുന്നു. അദ്ദേഹത്തിന്റെ പേരിൽ ഇന്ത്യയിൽ ഒരുപാട് സ്മാരകങ്ങളുണ്ട്. അദ്ദേഹം സ്നേഹിച്ചത് വിവാഹിതയായ ഒരു സ്ത്രീയെയാണ്. രാജാവിനെ വിവാഹം കഴിക്കേണ്ടതിനുവേണ്ടി അവർ ഭർത്താവിനെ ഡിവോസ് ചെയ്യുകയാണ്. ബ്രിട്ടീഷ് കാബിനറ്റ് കൂടി. ഇംഗ്ലണ്ട് രാജാവ് ഒരു വിവാഹിതയെ വിവാഹം കഴിക്കാൻ പറ്റില്ല. ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ പാരമ്പര്യം വേണം. രാജാവ് പറഞ്ഞു, ഇത് എന്റെ വ്യക്തി ജീവിതമാണ്. ഞാൻ ഒരു പെണ്ണിനെ സ്നേഹിച്ചു. ഞാൻ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു. രാജ്യത്തിന് ഒരു ദോഷവും വരുത്തില്ല. ഒന്നുകിൽ മിസ്സിസ് സിംസനെ വിവാഹം കഴിക്കുക, അല്ലെങ്കിൽ ചക്രവർത്തി പദവി വേണ്ടെന്നു വയ്ക്കുക. എഡ്വേർഡ് പറഞ്ഞു, എനിക്കു ചക്രവർത്തി സ്ഥാനം വേണ്ടായെന്ന്.

പ്രശസ്തനായ ഡച്ച് ശാസ്ത്രജ്ഞനായിരുന്നു ഹ്യൂഗെൻസ്. പ്രകാശത്തിന്റെ തരംഗസ്വഭാവം ആദ്യമായി അവതരിപ്പിച്ചതു മാത്രമല്ല അദ്ദേഹത്തിന്റെ സംഭാവന. ഭൗതികം, ഗണിതം, ജ്യോതിശാസ്ത്രം എന്നീ മേഖലകളിൽ ദീർഘകാലം പ്രവർത്തിച്ച് അനേകം കണ്ടുപിടുത്തങ്ങൾ നടത്തി വിവിധ മേഖലകളുടെ വളർച്ചയ്ക്കു കളമൊരുക്കിയ ബഹുമുഖപ്രതിഭാശാലിയായിരുന്നു അദ്ദേഹം.

ക്രിസ്ത്യാൻ ഹ്യൂഗെൻസ് 1629 ഏപ്രിൽ 14ന് ഹോളണ്ടിലെ ഹേഗിൽ ജനിച്ചു. വലിയ സ്വാധീനശക്തിയുള്ള ഒരു ഡച്ച് കുടുംബമായിരുന്നു ഹ്യൂഗെൻസിന്റേത്. അച്ഛൻ കോൺസ്റ്റാൻജിൻ ഹ്യൂഗെൻസ് ഒരു ഡിപ്ലോമാറ്റ് ആയിരുന്നു. ഡച്ച് ഗവൺമെന്റിന്റെ ഉദ്യോഗസ്ഥൻ. അമ്മയുടെ പേര് വാൻ ബേർളി.

അച്ഛൻ കവിയും സംഗീതജ്ഞനും കൂടിയായിരുന്നു. അച്ഛന് പ്രഗത്ഭരായ അനേകം സുഹൃത്തുകളുമുണ്ടായിരുന്നു. ഗലീലിയോ ഗലീലി, റെനേ ദെക്കാർത്, മാരിൻ മെർസെന്നെ തുടങ്ങിയവർ. അങ്ങനെയുള്ള പ്രതിഭാശാലികളെ കണ്ടും അവരുമായി ഇടപഴകിയും വളർന്ന ഹ്യൂഗെൻസ് ഒരു പ്രതിഭാശാലിയായി മാറിയത് സ്വാഭാവികം തന്നെ.

വിദ്യാഭ്യാസത്തെപ്പറ്റി വലിയ സങ്കല്പങ്ങൾ വച്ചുപുലർത്തിയിരുന്ന ഹ്യൂഗെൻസിന്റെ പിതാവ്, അതിനാൽ പുത്രന് വളരെ സ്വതന്ത്രമായ, വളരെ ആസ്വാദ്യകരവുമായ ഒരു വിദ്യാഭ്യാസമാണ് അദ്ദേഹം നൽകിയത്. പതിനാറു വയസ്സുവരെ വീട്ടിൽതന്നെയായിരുന്നു വിദ്യാഭ്യാസം. നല്ല ട്യൂട്ടർമാരെക്കൊണ്ട് പുത്രന് നല്ല വിദ്യാഭ്യാസം നൽകി. ഭാഷകൾ, സംഗീതം, ചരിത്രം, ഭൂമിശാസ്ത്രം, ഗണിതം, ലോജിക്, റെട്ടറിക് (പ്രഭാഷണകല), ഡാൻസ്, കുതിരയോട്ടം തുടങ്ങിയവയിലെല്ലാം അങ്ങനെ ഹ്യൂഗെൻസ് വൈദഗ്ദ്ധ്യം സമ്പാദിച്ചു.

പിന്നീട് ഹ്യൂഗെൻസ് ലെയ്ഡൻ യൂണിവേഴ്സിറ്റിയിലും (1645–1647) കോളജ് ഓഫ് ഓറഞ്ചിലും (1647–1649) പഠിച്ചു. നിയമം, ഗണിതം ഇവയായിരുന്നു പ്രധാന പഠനവിഷയങ്ങൾ. പഠനത്തിനു ശേഷം അല്പകാലം ഹ്യൂഗെൻസും പിതാവിനെപ്പോലെ ഡിപ്ലോമാറ്റായി ജോലി ചെയ്തു. എന്നാൽ അത് പുത്രന്റെ താല്പര്യങ്ങൾക്കും സ്വഭാവത്തിനും പറ്റിയതല്ലെന്നു കണ്ട് ആ ജോലിയിൽ തുടരേണ്ടതില്ലെന്ന് പിതാവ് നിശ്ചയിച്ചു. പിതാവിന്റെ രാഷ്ട്രീയസ്വാധീനം ഇല്ലാതായതും അതിനു കാരണമായി.

പിന്നീട് ജീവിതകാലം മുഴുവൻ പഠനത്തിനും ഗവേഷണത്തിനുമായി ചെലവഴിച്ച് ജീവിച്ചു ഹ്യൂഗെൻസ്. കോളജിലെ പഠനം കഴിഞ്ഞ് അധികകാലം കഴിയും മുമ്പുതന്നെ 1657ൽ സംഭവ്യതയെക്കുറിച്ച് അദ്ദേഹം ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. തന്റെ പ്രതിഭ എത്ര വലുതാണ് എന്ന് അങ്ങനെ അദ്ദേഹം തെളിയിച്ചു. സംഭവ്യതയെപ്പറ്റിയുള്ള ആദ്യത്തെ ഗ്രന്ഥമായിരുന്നു ഹ്യൂഗെൻസിന്റേത് എന്നു കരുതുന്നു.

1655ൽ ഹ്യൂഗെൻസിന്റെ ശ്രദ്ധ ജ്യോതിശാസ്ത്രത്തിലേക്കു തിരിഞ്ഞു. ഒരു ദൂരദർശിനി നിർമ്മിക്കാൻ സഹോദരനെ സഹായിക്കുകയായിരുന്നു അന്ന് അദ്ദേഹം. ആ ജോലിക്കിടെ മെച്ചപ്പെട്ട ഒരു ലെൻസുണ്ടാക്കാനുള്ള വിദ്യ പഠിച്ചു. അങ്ങനെ അദ്ദേഹം 25 അടി (ഏഴു മീറ്ററോളം) നീളമുള്ള ഒരു ദൂരദർശിനി ഉണ്ടാക്കി. വാനനിരീക്ഷണവും തുടങ്ങി. ആ നിരീക്ഷണങ്ങൾക്കിടയിൽ ഓറിയോൺ നെബുലയെ (1656) കണ്ടെത്തി. 1656ൽതന്നെ ശനിയെ ചുറ്റിക്കറങ്ങുന്ന ഒരു ഉപഗ്രഹത്തേയും കണ്ടെത്തി. അതിന് ടൈറ്റാൻ എന്നു പേരുമിട്ടു.

**ഇംഗ്ലണ്ടിന്റെ പ്രധാനമന്ത്രി നെബൽ ചേംബർ ലൈനായിരുന്നു. യുദ്ധം വേണ്ടായെന്നുള്ള പക്ഷക്കാരനായിരുന്നു അദ്ദേഹം. അനുനയത്തിനു ശ്രമിച്ചു. അതിന്റെ പേരിൽ ചില സ്ഥലങ്ങൾ വിട്ടുകൊടുത്തു. കരാറിൽ ഒപ്പിട്ടു. അതിന്റെ മഷി ഉണങ്ങുന്നതിനു മുമ്പുതന്നെ ഹിറ്റ്ലർ ചെക്കോസ്ലോവാക്കിയ ആക്രമിച്ചു. ചേംബർ ലൈന് ബ്രിട്ടീഷ് പ്രധാനമന്ത്രി പദവി രാജി വെയ്ക്കേണ്ടിവന്നു.**

നക്ഷത്രങ്ങളിലേക്കുള്ള ദൂരം കണ്ടെത്താനുള്ള ചില കണക്കുകൂട്ടലുകളും അദ്ദേഹം കണ്ടെത്തി. 1656ൽ ലോകത്ത് ആദ്യമായി ഒരു പെൻഡുലം ക്ലോക്ക് അദ്ദേഹം ഡിസൈൻ ചെയ്തു. കൃത്യമായ സമയ പരിപാലനം സാധ്യമാക്കിയ ആ കണ്ടുപിടുത്തം ഹ്യൂഗെൻസിന്റെ പ്രധാനപ്പെട്ട കണ്ടുപിടുത്തങ്ങളിലൊന്നായി. 1690 ആയപ്പോഴേക്ക് അദ്ദേഹം പ്രകാശത്തിന്റെ തരംഗസിദ്ധാന്തം ആവിഷ്കരിച്ചു. എന്നാൽ പ്രകാശത്തിന്റേത് അനുദൈർഘ്യതരംഗങ്ങൾ ആണെന്ന് അദ്ദേഹം കരുതി. (ശബ്ദത്തിന്റേതുപോലെ). വാസ്തവത്തിൽ പ്രകാശത്തിന്റേത് അനുപ്രസ്ഥതരംഗങ്ങളായിരുന്നു. ഒരു നൂറ്റാണ്ടിനുശേഷം തോമസ് യങ് ആണ് അത് തെളിയിച്ചത്.

പ്രകാശത്തിന്റെ കണസിദ്ധാന്തം ന്യൂട്ടണായിരുന്നല്ലോ ആവിഷ്കരിച്ചത്. ന്യൂട്ടണും കൂട്ടരും ഹ്യൂഗെൻസിന്റെ തരംഗസിദ്ധാന്തത്തെ ശക്തമായി എതിർത്തു. തരംഗങ്ങളായിരുന്നെങ്കിൽ പ്രകാശം തടസ്സങ്ങൾക്കുമേൽ വളഞ്ഞ് സഞ്ചരിച്ചേനെ. അതുണ്ടാകുന്നില്ലല്ലോ. തടസ്സങ്ങൾ ഇടയ്ക്കു വരുമ്പോൾ അവയുടെ നിഴലുണ്ടാകുന്നത് പ്രകാശം നേർരേഖയിൽ സഞ്ചരിക്കുന്നതുകൊണ്ടാണ് എന്ന് അവർ വാദിച്ചു. ന്യൂട്ടന്റെ അപ്രമാദിത്വം ശാസ്ത്രലോകം അംഗീകരിച്ചിരുന്ന അക്കാലത്ത് ഹ്യൂഗെൻസിന്റെ തരംഗസിദ്ധാന്തത്തിന് അംഗീകാരം കിട്ടാതെ പോയത് സ്വാഭാവികം.

പ്രകാശം വാസ്തവത്തിൽ തരംഗമോ കണമോ എന്ന ചോദ്യം രസകരമാണ്. ഉത്തരം ശാസ്ത്രം കണ്ടെത്തുകയും ചെയ്തു. പ്രകാശത്തിനു തരംഗ കണികാദ്വൈതഭാവമുണ്ട് എന്ന ആ മഹത്തായ കണ്ടെത്തൽ കണ്ടെത്തിയ കഥ ഉദ്വേഗജനകമാണ്. അത് അന്യത്ര ചേർത്തിരിക്കുന്നു.

1689ൽ ഹ്യൂഗെൻസ് ഇംഗ്ലണ്ടിൽ വച്ച് ഐസക് ന്യൂട്ടനെ സന്ദർശിച്ചു. അവർ സുഹൃത്തുക്കളായിരുന്നു. ഭൗതികപ്രശ്നങ്ങൾ പരസ്പരം കത്തുകളിലൂടെ ചർച്ച ചെയ്യുകയും ചെയ്തിരുന്നു എന്നുള്ളത് കൗതുകകരം തന്നെ.

ചുരുക്കത്തിൽ വളരെ വിപുലമായിരുന്നു ഹ്യൂഗെൻസിന്റെ ഗവേഷണമേഖല. അദ്ദേഹം ഒരു തപസ്സായി ഗവേഷണം ജീവിതം മുഴുവൻ തുടർന്നു. ഹേഗിൽ വച്ച് 1695 ജൂലായ് 8ന് മരണമടയുംവരെ. സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം എനിക്കുവേണ്ടാ എന്നു പറഞ്ഞുകൊണ്ട് എഡ്വേർഡ് രണ്ടാമൻ ചക്രവർത്തി പദവി ഉപേക്ഷിച്ചു. അദ്ദേഹം സ്ഥാനം ഒഴിഞ്ഞതുകൊണ്ടാണ് ഇപ്പോഴത്തെ എലിസബേത്ത് രാജ്ഞിയുടെ പിതാവ് ജോർജ് ആറാമൻ ചക്രവർത്തിയാകുന്നത്. അദ്ദേഹത്തിന് രണ്ടു പെൺമക്കളേയുണ്ടായിരുന്നുള്ളു. ഒരാൾ എലിസബേത്തും രണ്ടാമത്തെയാൾ മാർഗരറ്റും. ആറാമൻ മരിച്ചു. എലിസബേത്ത് രാജ്ഞിയായി. ഭർത്താവ് ഫിലിപ്പ് രാജകുമാരൻ. മാർഗരറ്റ് ഒരു ഫോട്ടോഗ്രാഫറുമായി സ്നേഹത്തിലായി. സ്നോ ഡൗണിനെ വിവാഹം കഴിച്ചു. ഇതൊക്കെ ഭരണഘടനാവിഷയമാണ്.

ഇക്കാലത്ത് മൈക്കൽ ഫാരഡെ എന്ന ശാസ്ത്രജ്ഞൻ വൈദ്യുതിയുടെ ഉപയോഗം കണ്ടുപിടിച്ചുകഴിഞ്ഞ് വിക്ടോറിയ രാജ്ഞിയുടെ ഗെറ്റ് ടുഗദറിൽ പങ്കെടുത്തു. പങ്കെടുത്തത് ഒരു ഞായറാഴ്ച ദിവസമായിരുന്നു. പള്ളിയിൽ ചെല്ലാത്തതിന്റെ പേരിൽ അദ്ദേഹത്തെ മുടക്കി. ഇന്നാണെങ്കിൽ സൗകര്യമുണ്ടെങ്കിൽ പള്ളിയിൽ പോകും; അമ്പലത്തിൽപോകും. അതൊരു വിഷയമല്ല. ഒരു

# 20-ാം നൂറ്റാണ്ട് നൽകുന്ന പാഠം



**കഴിഞ്ഞ നൂറ്റാണ്ടിനെക്കുറിച്ച് വിശകലനം ചെയ്ത് ഈ നൂറ്റാണ്ടിൽ ജീവിക്കുന്ന നമ്മൾ ഒരുകാര്യം ഓർമിക്കേണ്ടിയിരിക്കുന്നു. ദൂരം കുറയ്ക്കണമേ എന്നതാണ് അപേക്ഷ. എന്റെ വീട്ടിൽ നിന്നും അയൽവക്കത്തുള്ള വീട്ടിലേക്കുള്ള അകലം വർദ്ധിച്ചിരിക്കുന്നു. വീടുകളുടെ ദൂരം കുറയ്ക്കാനാണ് അഭിവന്ദ്യനായ ഗുരുജി നമ്മോട് ആവശ്യപ്പെടുന്നത്. വീട് അടുത്താണെങ്കിലും മനസ്സ് അകന്നിരിക്കുകയാണ്. മനസ്സിന്റെ വലിപ്പം കൂട്ടുവാൻ കഴിയണം. ഓരോ സ്വാതന്ത്ര്യദിനം കഴിയുമ്പോഴും മനസ്സ് ചെറുതായിക്കൊണ്ടിരിക്കുന്നു.**

പള്ളി മുടക്കിയാൽ വേറൊരു പള്ളിയിൽ പോകും. അതുമല്ലെങ്കിൽ വേറൊരു സഭയിൽ ചേരും. മൈക്കൽ ഫാരഡെ എന്ന ശാസ്ത്രജ്ഞൻ, വിക്ടോറിയ രാജ്ഞി ആദരിച്ച വ്യക്തി ഞായറാഴ്ച പള്ളിയിൽ വൈകിയാണ് ചെന്നത്. അവിടെ ചെന്നപ്പോൾ വൈദികൻ ഒരു കവറെടുത്തു കൊടുത്തു. രാജ്ഞി തനിക്ക് ഒരു തീട്ടൂരം തന്നു. അച്ചനും ബഹുമതി നൽകിയതായിരിക്കുമെന്നു വിചാരിച്ചു വായിച്ചു. 'പ്രിയപ്പെട്ട മൈക്കൽ ഫാരഡെ, നിങ്ങളുടെ കണ്ടുപിടുത്തങ്ങൾ നല്ലത്. വിക്ടോറിയ രാജ്ഞി സ്വീകരിച്ചതും നല്ലത്. പക്ഷെ, ദൈവത്തിന്റെ ദിനമായ ഞായറാഴ്ച പള്ളിയിൽ വരാതിരുന്നതിനാൽ ദൈവത്തെയും മാമോനെയും ഒരുപോലെ സ്നേഹിക്കാൻ കഴിയാത്തതിനാൽ പള്ളിയുടെ മെമ്പർഷിപ്പിൽ നിന്നും നിങ്ങളെ സസ്പെൻഡ് ചെയ്തിരിക്കുന്നു.' അന്നത്തെ സമൂഹം അങ്ങനെയാണ്. രാജ്ഞിയുടെ ആദരവ് നേടിയ പ്രശസ്ത ശാസ്തജ്ഞനായ മൈക്കൽ ഫാരഡെ പറഞ്ഞു; 'ഞാൻ തെറ്റുകാരനാണ്. അതുകൊണ്ട് എന്നോട് ക്ഷമിക്കണം'. ഒരാഴ്ചയ്ക്കുശേഷം സസ്പെൻഷൻ മാറ്റി. അതായിരുന്നു അന്നത്തെ മൂല്യത്തിന്റെ പ്രസക്തി. ബ്രിട്ടീഷ് കോൺസ്റ്റിറ്റ്യൂഷന്റെ അടിസ്ഥാന തത്വങ്ങളിൽ ഇതും റഫർ ചെയ്യുന്നുണ്ട്. ബ്രിട്ടീഷ് റോയൽ കോർട്ടിൽ വിഷയമായിട്ടുണ്ടുള്ളതാണ്. ഞാൻ പറഞ്ഞുവരുന്നതിന്റെ ചുരുക്കം, വിക്ടോറിയയുടെ കാലം കഴിഞ്ഞു. എഡ്വേർഡ് രണ്ടാമൻ രാജിവച്ചു. ജോർജ് ആറാമൻ ചക്രവർത്തിയായി. ഈ സമയത്ത് ഹിറ്റ്ലറുമായുള്ള കരാർ ലംഘിച്ചു എന്നതിന്റെ പേരിൽ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ചേംബർലൈൻ രാജിവയ്ക്കുന്നു. രാജി വയ്ക്കുമ്പോഴാണ് ഇനി ആര് പ്രധാനമന്ത്രിയാകും എന്ന ചോദ്യമുയരുന്നത്. ഹിറ്റ്ലറിന്റെ ആക്രമണം ബക്കിംഹാം പാലസിനെ ലക്ഷ്യമാക്കുകയാണ്. ആഫ്രിക്കയിലേക്ക് മുസോളിനി നീങ്ങുകയാണ്. എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സലാസി രാജ്യം വിട്ട് യെരുശലേമിലെത്തി കർത്താവിനെ അടക്കിയ സ്ഥലത്ത് ഉപവാസമിരുന്നു. യുദ്ധം അവസാനിച്ചു കഴിഞ്ഞാണ് അദ്ദേഹം എത്യോപ്യയിലേക്ക് തിരിച്ചെത്തുന്നത്. ഏഷ്യ പിടിച്ചെടുക്കുവാൻ ജപ്പാൻ തയ്യാറാകുന്നു. ഇന്ത്യയിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ജനകീയ സമരങ്ങൾ നടക്കുന്നു.

ഇനി ആര് ബ്രിട്ടന്റെ പ്രധാനമന്ത്രിയാകും എന്ന ചോദ്യമുയർന്നു. പാർലമെന്റിന്റെ പുറകിലത്തെ ബഞ്ചിലിരുന്ന അരോഗദൃഢഗാത്രനായ ഒരാൾ എഴുന്നേറ്റു. 'ഞാൻ ബ്രിട്ടന്റെ പ്രധാനമന്ത്രിയാകാം'. അത് വിൻസ്റ്റൺ ചർച്ചിലായിരുന്നു. അദ്ദേഹം പാർലമെന്റിനെ അഭിസംബോധന ചെയ്തു. പെരിക്ലിസിന്റെ പ്രസംഗത്തെക്കുറിച്ച് നമുക്കറിയാം. ഷേക്സ്പീയറിന്റെ നാടകത്തിലെ മാർക്ക് ആന്റണിയുടെ പ്രസംഗത്തെക്കുറിച്ചും അറിയാം. അതുപോലെയുള്ള ഒരു പ്രസംഗമായിരുന്നു വിൻസ്റ്റൺ ചർച്ചിൽ അന്ന് ബ്രിട്ടൻ പാർലമെന്റിൽ നടത്തിയത്. നടുത്തളത്തിൽ വന്നു നിന്നു. ആംഗ്ലിക്കൻ ചർച്ചാണെങ്കിലും സെന്റ് ജോർജ് ആണ് അവരുടെ ലിവിങ് സെയിന്റ്. ആ ചിത്രത്തെ വണങ്ങിക്കൊണ്ട് ഉച്ചഭാഷിണിയെടുത്തുകൊണ്ട് പറഞ്ഞു, 'എന്റെ സഹോദരന്മാരെ, എനിക്ക് നിങ്ങൾക്ക് തരുവാൻ ഒന്നുമില്ല. കുറച്ചു കണ്ണുനീർ, കുറച്ച് അദ്ധ്വാനം, കുറച്ച് വിയർപ്പ്- ഇതു ഞാൻ നൽകുന്നു.' ആ പ്രസംഗം പാർലമെന്റിനെ ഉണർത്തി. ബ്രിട്ടൻ ജനതയെ പുളകം കൊള്ളിച്ചു. നമുക്കറിയാം നല്ല പ്രസംഗങ്ങൾ ആവേശമാണ്. നല്ല പ്രസംഗകൻ ജനാധിപത്യത്തിൽ വലിയ ശക്തിയാണ്. ചർച്ചിലിന്റെ പ്രസംഗം ലോകത്താകെ ആഞ്ഞടിച്ചു. 1945ൽ ഹിരോഷിമയിലും നാഗസാക്കിയിലും അമേരിക്ക ബോംബിട്ടു. രണ്ടാംലോകമഹായുദ്ധം അവസാനിച്ചു.

ഈ സമയത്താണ് ഇന്ത്യയിൽ സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങൾ നടക്കുന്നത്. നൂറ്റിപ്പത്ത് റാത്തൽ ഭാരവും അഞ്ചടി പൊക്കവുമുള്ള ഒരു മനുഷ്യൻ അദ്ദേഹമാണ് മഹാത്മാഗാന്ധി.

മൗണ്ട് ബാറ്റൻ ഇന്ത്യയിലേക്ക് വരുമ്പോൾ പ്രഗത്ഭനായ ഒരു പത്രപ്രവർത്തകൻ ഒരു ചോദ്യം ചോദിച്ചു. മിസ്റ്റർ മൗണ്ട് ബാറ്റൻ അങ്ങയുടെ മനസ്സിൽ എന്താണുള്ളത്?

ഒറ്റ ചിത്രമാണുള്ളത്, മഹാത്മാഗാന്ധി.

നിങ്ങൾ എന്തുകൊണ്ടാണ് അദ്ദേഹത്തെ അക്രമിച്ചു പരാജയപ്പെടുത്താത്തത്?

ഞങ്ങൾ ആക്രമിക്കാൻ പോകുമ്പോൾ ഞങ്ങളുടെ മുന്നിൽ നെഞ്ചു കാട്ടിത്തരുന്ന മഹാത്മജിയെയും ഇന്ത്യാക്കാരെയും ഞങ്ങൾ എങ്ങനെ ആക്രമിക്കും. ഞങ്ങളെ അദ്ദേഹം നിരായുധരാക്കുകയാണ് ചെയ്യുന്നത്.

ലോകചരിത്രത്തിൽ ഇങ്ങനെയൊരു മനുഷ്യനുണ്ടോ. ഗാന്ധി സിനിമ ഇറങ്ങിയ സമയത്ത് ഞാൻ അമേരിക്കയിൽ ഗവേഷണ വിദ്യാർത്ഥിയാണ്. ഞാൻ ആ സിനിമ കണ്ടു. ഗാന്ധി സിനിമയിൽ അഭിനയിച്ചവരെയെല്ലാം മാർട്ടിൻ ലൂതർ കിംഗിന്റെ നേതൃത്വത്തിൽ സർവ്വകലാശാല ആദരിച്ചു. സിനിമ കണ്ടിട്ട് അമേരിക്കക്കാർ ചോദിക്കുകയാണ്, രക്തവും മജ്ജയും മാംസവുമായിട്ടൊരു മനുഷ്യൻ എങ്ങനെ ഈ ലോകത്ത് ജീവിച്ചിരുന്നുവെന്ന്. ഇങ്ങനെയൊരാളെ കാണാൻ കഴിയുമോ? ഗാന്ധിജിയെക്കുറിച്ചുള്ള അവരുടെ വിലയിരുത്തലാണത്. ഓസ്കർ അവാർഡ് നേടിയ പ്രഗത്ഭയായ എലിസബേത്ത് ടെയിലർ എഴുതി 'ഹി വാസ് ആൻ ഇമ്മോർട്ടൽ കാരക്ടർ, ദി ഹിസ്റ്ററി ഓഫ് വേൾഡ്'. അദ്ദേഹത്തിന്റെ സഹനസമരം ലോകചരിത്രത്തിൽ എത്രയോ പ്രാധാന്യം അർഹിക്കുന്നതായിരുന്നു. സ്വാതന്ത്ര്യം നേടിയ ഇന്ത്യയുടെ തലസ്ഥാനത്ത് ഗാന്ധിജി ഇല്ലായിരുന്നു. നമുക്ക് ചിന്തിക്കാൻ കഴിയുമോ? അദ്ദേഹം വിഭജനത്തിന്റെ പേരിൽ കണ്ണീരൊഴുക്കുകയായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ചരിത്രം പറയുമ്പോൾ ഇന്ത്യയുടെ പങ്ക് എന്താണ്? മഹാത്മജിയുടെ സംഭാവന എന്തായിരുന്നു. രണ്ടേരണ്ടു കാര്യം പറയുന്നു. ഒന്ന്, ഭയം നമ്മളിൽ നിന്നും അകറ്റിയത് മഹാത്മജിയാണ്. ബ്രിട്ടീഷുകാരോട് നേരിടാൻ നമുക്കു കഴിയും എന്ന ബോധം ജനിപ്പിച്ചു. രണ്ട്, ഇന്ത്യൻ ദേശിയപ്രസ്ഥാനത്തെ ഒരു ജനകീയപ്രസ്ഥാനമാക്കി മാറ്റിയത് മഹാത്മഗാന്ധിയാണ്.

1917 റഷ്യൻ വിപ്ലവത്തിന്റെ കാലം. അന്നാണ് ഇന്ദിരാഗാന്ധിയുടെ ജന്മദിനം. 1917ൽ ലെനിൻ വന്നു. 1920ൽ ലെനിൻ മരിക്കുന്നു. ജോസഫ് സ്റ്റാലിൻ വരുന്നു. അതിനുശേഷം മലങ്കോവ് വരുന്നു. പിന്നീട് ഒരു കാലഘട്ടം വരുന്നു. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ സംഭവമാണ് 1917ൽ നടന്ന റഷ്യൻ വിപ്ലവത്തെ തുടർന്ന് കമ്യൂണിസം അധികാരത്തിൽ വരുന്നു. നിർഭാഗ്യവശാൽ മിഖായേൽ ഗോർബച്ചോവ് എന്ന അധികാരിക്ക് കമ്യൂണിസത്തിന്റെ ലിക്കുഡേഷന് അദ്ധ്യക്ഷം വഹിക്കേണ്ടിവന്നു. പെരിസ്ട്രോയിക്ക തുടങ്ങിയുള്ള അദ്ദേഹത്തിന്റെ ആശയങ്ങൾ അതിനു കാരമണമായിത്തീർന്നു. സോവിയറ്റ് യൂണിയന്റെ പതനത്തിനുശേഷം 1993ൽ എനിക്ക് അദ്ദേഹത്തെ കാണുവാനുള്ള അവസരമുണ്ടായി. ആർക്കും വിശ്വസിക്കാൻ കഴിഞ്ഞില്ല സോവിയറ്റ് യൂണിയൻ തകർന്നുവെന്ന്. ഗോർബച്ചോവിന് എന്തുകൊണ്ട് സോവിയറ്റ് യൂണിയനെ പിടിച്ചു നിർത്താൻ കഴിഞ്ഞില്ല. ഇന്നും അതിനെക്കുറിച്ച് ഗവേഷണങ്ങൾ നടക്കുന്നു. അധികാരത്തിന്റെ ശക്തി ഉപയോഗിച്ചിരുന്നുവെങ്കിൽ നിലനിൽക്കുമായിരുന്നുവെന്ന് ചിന്തിക്കുന്നവരുണ്ട്. പിന്നീടദ്ദേഹം നിശബ്ദനായി. ലോകത്തിലെ പല സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചുകൊണ്ട് ഇരുപതാം നൂറ്റാണ്ടിലെ സോവിയറ്റ് യൂണിയൻ എന്ന സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക് പല ഖണ്ഡങ്ങളായി. ഐക്യരാഷ്ട്രസംഘടനയുടെ പ്രധാന കെട്ടിടത്തിന്റെ ആസ്ഥാനത്ത് ബൈബിളിലെ ഒരു വാചകം എഴുതിയിട്ടുണ്ട്. യെശയ്യപ്രവചനത്തിലെ ഒരു വാചകം. ഇനിയൊരുയുദ്ധം ഉണ്ടാകരുത്. ഉണ്ടായാൽ നാശം എന്നു പറയുന്നില്ല. മനുഷ്യജാതി അന്യമാകുമെന്നു പറയാം.

മഹാന്മാരുടെ തലമുറ ജീവിച്ചിരുന്ന ഒരു നൂറ്റാണ്ടാണ് കടന്നുപോയത്. അമേരിക്ക ഹിരോഷിമയിലും നാഗസാക്കിയിലും ബോംബിട്ടു. യുദ്ധത്തിനു വിരാമമായി. ലോകത്തിലെ ഏറ്റവും ആയുസു കുറഞ്ഞ വിവാഹമായിരുന്നു ഹിറ്റ്ലറിന്റേത്. അല്പസമയത്തെ ആയുസ്സേ അതിനുണ്ടായിരുന്നുള്ളു. ഹിറ്റ്ലർ വിവാഹം കഴിക്കുന്നു. ഇവാ ബ്രൗൺ എന്ന സുന്ദരിയെ. അമേരിക്കൻ സൈന്യം ഹിറ്റ്ലറിനെ പിടിക്കുവാൻ മുന്നോട്ടുവരികയാണ്. ഇവാ ബ്രൗണിനെ ഹിറ്റ്ലർ വിവാഹം ചെയ്തു. അതിനുശേഷം നിറതോക്കെടുത്ത് അവരെ വെടിവയ്ക്കുന്നു. ഹിറ്റ്ലറും ആത്മഹത്യ ചെയ്യുന്നു. ഇതാണ് ചരിത്രകാരനായ കെറ്റിക്കിയുടെ വിവരണം. മുസോളിനിയെ സ്വന്തം നാട്ടുകാർ പിടികൂടിക്കൊന്നു. ജപ്പാൻകാർ ഇന്ത്യയിലേക്ക് വരുന്നു. ഇക്കാലഘട്ടത്തിൽ നേതാജി സുഭാഷ് ചന്ദ്രബോസ് ബ്രിട്ടീഷുകാർക്കെതിരായി പോരാടുന്നു എന്നതും സത്യം. അത് ഐ.എൻ.എയുടെ ആവശ്യമായിരുന്നു. ബ്രിട്ടനിൽ ചർച്ചിലിനുശേഷം ക്ലെമന്റ് ആറ്റ്ലി അധികാരത്തിൽ വരുന്നു. ഇന്ത്യയ്ക്കു സ്വാതന്ത്ര്യത്തിലേക്കുള്ള വഴി തുറക്കുന്നു. ലോകത്ത് സ്വാതന്ത്ര്യത്തിന്റെ പുതിയ രാജ്യങ്ങൾ പിറവികൊണ്ടു. ഇരുപതാം നൂറ്റാണ്ടിന്റെ മറ്റൊരു പ്രത്യേകതയായിരുന്നു ചേരിചേരാ പ്രസ്ഥാനം. 1950കൾക്കുശേഷം ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ മാർഷൽ ടിറ്റോ, അബ്ദുനാസർ, ഫുക്കാവോ എന്നിവരുടെ നേതൃത്വത്തിൽ സമാധാന സമിതികൾ വരുന്നു. ലോകം വികസ്വരമായി മുന്നോട്ടു പോകുന്നു. ചൈനയിൽ കമ്യൂണിസ്റ്റ് പാർട്ടി വലിയ മാറ്റങ്ങളൊന്നുമില്ലാതെ കടന്നുപോകുന്നു. ഇന്ത്യൻ ജനാധിപത്യം ഏതു രീതിയിലാണ് മുന്നോട്ടു പോകുന്നതെന്ന് നിങ്ങൾക്കറിയാം.

ഏറ്റവും വലിയ ചരിത്രകാരനായിരുന്നു ടോയെൻബി. അദ്ദേഹം പറഞ്ഞു, ഒരു രാജ്യം നിലനിൽക്കണമെങ്കിൽ, ഒരു രാജ്യത്തിന്റെ സംസ്കാരം നിലനിൽക്കണമെങ്കിൽ അഞ്ചു തലമുറയെങ്കിലും സാന്മാർഗികമായ മൂല്യങ്ങളിൽ വിശ്വസിക്കുന്നവരായിരിക്കണമെന്ന്. അവർ ദൈവത്തിൽ വിശ്വസിക്കുന്ന സമൂഹമായിരിക്കണം. നിങ്ങൾക്കറിയാം പല പ്രഗത്ഭമാരുടെ കുടുംബങ്ങളും ഈ നൂറ്റാണ്ടിൽ തകർന്നു തരിപ്പണമായി.

ഇരുപതാം നൂറ്റാണ്ടിനെക്കുറിച്ച് വിശകലനം ചെയ്യുമ്പോൾ അതിന് നേട്ടങ്ങളും കോട്ടങ്ങളുമുണ്ട്. മനുഷ്യൻ ചന്ദ്രനിൽ പോയി. ആംസ്ട്രോങ് അവിടെ ഇറങ്ങി. അദ്ദേഹം നടത്തിയ പ്രസംഗം 'എന്റെ ദൈവം സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലേക്ക് ഇറങ്ങിയതിനേക്കാൾ എത്രയോ നിസാരമാണ് ഞാൻ ചന്ദ്രനിലിറങ്ങിയത്' എന്ന്. അങ്ങനെ പറയുവാനുള്ള വിനയം എത്രപേർക്കുണ്ട്. ശാസ്ത്രത്തിന്റെ വെല്ലുവിളികൾ നിറഞ്ഞ ലോകത്തിൽ മനുഷ്യത്വത്തിനു വിലനൽകണം. ഇന്റർനെറ്റ് വന്നത് നല്ലതാണ്. മൊബൈൽ വന്നത് നല്ലതാണ്. പക്ഷെ, മനുഷ്യനെ അത് വല്ലാതെ കുരിക്കിലാക്കിയിരിക്കുന്നു. അപ്പൻ മകൾക്ക് മൊബൈൽ വാങ്ങിച്ചുകൊടുത്താൽ മകൾ പരിധിക്കു പുറത്താണ്. ആധുനിക സാങ്കേതികവിദ്യ നന്മയിലേക്ക് വഴിതിരിച്ചുവിടാൻ കഴിയണം. ഇവിടെ ഒരു മാറ്റം ഉണ്ടാവണം. ഇതൊക്കെ ജനങ്ങൾക്ക് പ്രയോജനപ്രദമാകണം. മനസ്സിൽ നന്മയുണ്ടാവണം. നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയുമെന്ന് ടി.എസ്.എലിയറ്റ് ചോദിച്ചതുപോലെ ഞാനും ചോദിക്കുന്നു. വെളിച്ചത്തിന് വെളിച്ചത്തിൽ സ്ഥാനമില്ല. പക്ഷെ ഇരുട്ടിൽ ഒരു മിന്നാമിനുങ്ങിന്റെ പ്രകാശത്തിന് വലിയ സ്ഥാനമുണ്ട്.

കഴിഞ്ഞ നൂറ്റാണ്ടിനെക്കുറിച്ച് വിശകലനം ചെയ്ത് ഈ നൂറ്റാണ്ടിൽ ജീവിക്കുന്ന നമ്മൾ ഒരു കാര്യം ഓർമിക്കേണ്ടിയിരിക്കുന്നു. ദൂരം കുറയ്ക്കണമേ എന്നതാണ് അപേക്ഷ. എന്റെ വീട്ടിൽ നിന്നും അയൽവക്കത്തുള്ള വീട്ടിലേക്കുള്ള അകലം വർദ്ധിച്ചിരിക്കുന്നു. വീടുകളുടെ ദൂരം കുറയ്ക്കാനാണ് അഭിവന്ദ്യനായ ഗുരുജി നമ്മോട് ആവശ്യപ്പെടുന്നത്. വീട് അടുത്താണെങ്കിലും മനസ്സ് അകന്നിരിക്കുകയാണ്. മനസ്സിന്റെ വലിപ്പം കൂട്ടുവാൻ കഴിയണം. ഓരോ സ്വാതന്ത്ര്യദിനം കഴിയുമ്പോഴും മനസ്സ് ചെറുതായിക്കൊണ്ടിരിക്കുന്നു. മനുഷ്യനെ കണ്ടുകൊണ്ട്, മനുഷ്യനിലൂടെ ദൈവത്തെ കണ്ടുകൊണ്ട്, ജാതി മത ചിന്തകൾക്ക് അതീതരായി, പ്രാദേശിക മനോഭാവത്തിനതീതരായി ഈശ്വര വിശ്വാസത്തിൽ അടിയുറച്ച് ഒരു തലമുറ ഈ മണ്ണിൽ ഉദയം ചെയ്യുവാൻ ഗുരുനിത്യചൈത്യയതിയുടെ ഓർമ സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

(2017 മെയ് 27ന് ഗുരുനിത്യചൈത്യയതി ഫൗണ്ടേഷന്റെ വാർഷികത്തിൽ നടത്തിയ സ്മാരകപ്രഭാഷണം)






കാരൂർ സോമൻ
ചാരുംമൂട്

ഓരോ വ്യക്തിയും ഓരോ രാജ്യങ്ങളും ഓരോരോ സംസ്ക്കാരത്തിന് ഉടമകളാണ് അടയാളങ്ങളാണ്. വികസിത രാജ്യങ്ങൾ സമ്പത്തിൽ മാത്രമല്ല വളരുന്നത് വായനയിലും വളർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ടാണവർ അവരുടെ ഭാഷയെയും സംസ്ക്കാരത്തെയും ഹൃദയത്തോട് ചേർത്ത് ജീവിക്കുന്നത്. നമുക്ക് മുന്നേ നടന്നവരേ നാമറിയില്ലെങ്കിൽ അവരെ മനുഷ്യനെന്ന് വിളിച്ചിട്ട് കാര്യമില്ല. ദരിദ്രരാജ്യങ്ങളിലെ കുട്ടികൾ ചരിത്രപാഠങ്ങൾ അധികം പഠിക്കാതെ കച്ചവട സിനിമകളെ കാണാപാഠമാക്കുന്നു. അതിനു കൂട്ടുനില്ക്കുന്നതും കച്ചവടസിനിമ ദൃശ്യമാധ്യമങ്ങളാണ്. ഞാൻ വിദ്യാർത്ഥിയായിരുന്നപ്പോൾ വെനീസിലെ വ്യാപാരി എന്ന കഥ വായിച്ചിരുന്നു. കിഴക്കിന്റെ വെനീസായ ആലപ്പുഴയും, ഇറ്റലിയിലെ പടിഞ്ഞാറൻ വെനീസും കേട്ടിരുന്നു. ആലപ്പുഴ ചാരുമൂടുകാരനായ എനിക്ക് ആലപ്പുഴയെ ആരും പഠിപ്പിക്കേണ്ടതില്ല. യാത്രകൾ എപ്പോഴും എനിക്ക് അറിവു തേടിയുള്ള തീർത്ഥാടനങ്ങളാണ്. പഠിച്ചിരുന്ന കാലത്ത് തന്നെ പടിഞ്ഞാറൻ വെനീസ് കാണാൻ അതിയായ മോഹമായിരുന്നു. പാശ്ചാത്യജീവിതത്തിനിടയിൽ ലണ്ടനിൽ നിന്ന് റോമിലേക്കും അവിടെ നിന്ന് വെനീസിലേക്കും ഞാൻ യാത്ര തിരിച്ചു. വെനീസ് കണ്ടപ്പോൾ ഒരു കാര്യം മനസ്സിലായി.



വെനീസ് ഒന്നേയുള്ളൂ അത് ഇറ്റലിയിലാണ്. മുൻകാലങ്ങളിലെ വ്യാപാരികളാണ് ആലപ്പുഴയെ വെനീസുമായി താരതമ്യം ചെയ്തത്. അതിന്റെ പ്രധാന കാരണം ആലപ്പുഴയുടെ പ്രകൃതിരമണീയതയും തോടുകളും കനാലുകളുമാണ്. എന്നാൽ പടിഞ്ഞാറൻ വെനീസ് സൗന്ദര്യമാർന്ന ഒരു നഗരമാണ്. ഇവിടെ തോടുകളിലൂടെ മനുഷ്യമനസ്സിനെ തൊട്ടുണർത്തുന്നവിധം വളഞ്ഞുപുളഞ്ഞ് തോണികൾ ഒഴുകികൊണ്ടിരിക്കുന്നു. ഇവിടുത്തെ ഏറ്റവും വലിയ ആകർഷണം എന്തെന്ന് ചോദിച്ചാൽ ചെറുതും വലുതുമായ ബോട്ടുകൾ, ആഡംബര കപ്പലുകൾ തന്നെ. ആലപ്പുഴയിൽ ആഡംബര കപ്പലുകൾ ഇല്ലെങ്കിലും രണ്ടിടത്തുള്ള ജലനൗകകളും ജലസവാരികളും കായലിന്റെ വിശാലമായ ജലപരപ്പും മറ്റും സമാനതകളുണ്ട്. കിഴക്കിന്റെ വെനീസിൽ ബോട്ടുയാത്രകൾ ചെയ്യുന്നവർ കാണുന്ന കാഴ്ച ചപ്പുകളും ചവറുകളും കെട്ടിപ്പുണർന്ന് കിടക്കുന്നതാണ്. തലയുയർത്തി നോക്കിയാൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാത്രമല്ല കേരളമാകെ മാലിന്യങ്ങളാണ്. ഇതു സഞ്ചാരികൾക്കു ലഭിക്കുന്ന ഒരു പ്രഹരമാണ്. ഇതിന്റെ പ്രത്യാഘാതം എന്തെന്ന് ചോദിച്ചാൽ ലോക ഭൂപടത്തിൽ മുൻനിരയിൽ നില്ക്കേണ്ട നമ്മുടെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഇവിടുത്തേ ഭരണാധിപന്മാർ വെറും ടൂറിസ്റ്റ് കോലങ്ങളാക്കി മാറ്റിയിരിക്കുന്നു.

നൂറിലധികം ചെറുദ്വീപുകൾ കൂടിചേർന്നതാണ് വെനീസ്. അതിലധികം പാലങ്ങൾ ഈ ദ്വീപുകളെ തമ്മിൽ ബന്ധിപ്പിക്കുന്നു. എല്ലാം ബോട്ടുജട്ടികളിലും യാത്രക്കാർ ഇറങ്ങുകയും കയറുകയും ചെയ്യും. ലിഡോ ദ്വീപിൽ ഒരു കരയുണ്ട്. അതിനെ വിളിക്കുന്നത് ഗൾഫ് ഓഫ് വെനീസ് എന്നാണ്. വെനീസിന്റെ ഹൃദയഭാഗം എന്ന് വിശേഷിപ്പിക്കുന്നത് സെന്റ് മാർക്കസ് സ്ക്വയറാണ്. ഇംഗ്ളീഷിൽ ഇത് സെന്റ് മാർക്കസ് സ്ക്വയർ ആണെങ്കിലും ഇറ്റലിക്കാർക്ക് ഇത് പിയാസ്സാ സാൻ മാർക്കോ ആണ്. യൂറോപ്പിന്റെ സ്വീകരണമുറി എന്നാണ് നെപ്പോളിയൻ ഈ അങ്കണത്തെ വിശേഷിപ്പിച്ചത്. പിയാസ്സയിലെ പ്രധാന ആകർഷണങ്ങൾ സെന്റ് മാർക്കസ് ബസിലിക്ക, ഡൌജിന്റെ മണിമേട ഇവയാണ്. പടിഞ്ഞാറ് ഭാഗത്തെ സ്തംഭത്തിൽ വിശുദ്ധ തിയോഡോറും കിഴക്ക് ഭാഗത്തെ സ്തംഭത്തിൽ സെന്റ് മാർക്കിന്റെ സിംഹവും നിലയുറപ്പിച്ചിരിക്കുന്നു. ലിഡോ ദ്വീപിന്റെ പ്രത്യേകത എന്തെന്ന് ചോദിച്ചാൽ ധാരാളം കുടിലുകൾ കാണാം. സൂര്യസ്നാനം ചെയ്യാനായി അർദ്ധനഗ്നശരീരങ്ങൾ നിവർന്ന് കിടക്കാനും,



ശരീരത്ത് എണ്ണ തേക്കാനും, വസ്ത്രങ്ങളും മറ്റും സൂക്ഷിക്കാനും അത്യാവശ്യം ടോയ്ലറ്റ് സൗകര്യമൊക്കെ ആ കൊച്ചു കുടിലുകൾക്കുണ്ട്. സാധാരണ ചൂട് കൂടിയാൽ പാശ്ചാത്യർക്കും ബീച്ച് വളരെ പ്രധാന്യമുള്ളതാണ്. ഗൾഫ് രാജ്യങ്ങളിലെ കൊടും ചൂടിലും വീടിന് മുന്നിൽ അവർ മണിക്കൂറുകൾ കിടക്കും. പാശ്ചാത്യരാജ്യത്തെ പല ബീച്ചുകളിലും ബഞ്ചുകളിലും മണൽപുറത്തും നഗ്നരായും അർദ്ധനഗ്നരായും അവർ കിടക്കാറുണ്ട്. മറ്റുള്ളവരുടെ സ്വകാര്യതയിൽ ആരും നോക്കാറില്ല. കാക്ക കണ്ണുള്ള ഇന്ത്യക്കാരനും അത് നോക്കാറില്ല.

മുൻ കാലങ്ങളിൽ കിഴക്ക് പടിഞ്ഞാറൻ രാജ്യങ്ങളിലെ എല്ലാ വ്യാപാരങ്ങളുടെയും നേതൃത്വം വെനീസിനായിരുന്നു. അന്നത്തെ ചരക്ക് കപ്പൽ ഉടമസ്ഥർ ഈ വ്യാപാരത്തിൽ അളവറ്റ സമ്പാദ്യമാണുണ്ടാക്കിയത്. അവർക്ക് കൂടുതൽ സമ്പത്ത് ലഭിച്ചപ്പോൾ ദൈവത്തോട് കാരുണ്യം തോന്നി. ധാരാളം പളളികൾ വഴിപാടായി തീർത്തു കൊടുത്തു. അതിനായി പേർഷ്യയിൽനിന്നുള്ള പരവതാനികളും ഇന്ത്യയിൽ നിന്നുള്ള പട്ടുകളും ഉൾപ്പെട്ടിരുന്നു. സെന്റ് മാർക്കസ് സ്ക്വയറിലെ ദേവാലയത്തിൽ നിന്ന് പള്ളിമണി മുഴങ്ങി. സംഗീതമുയർന്നു അവിടുത്തെ പ്രാവുകൾ ആർക്കും ഒരു കൗതുക കാഴ്ച്ചയാണ്. ഈ പ്രാവുകൾ മനുഷ്യരുടെ ഉറ്റമിത്രങ്ങളാണ്. ഇന്ത്യക്കാരനെ കണ്ടാലും പറന്നകലില്ല. സന്ദർശകരുടെ കൈകളിലും തോളിലുമൊക്കെ പ്രാവുകൾ വന്നിരിക്കും. 1797-ൽ ഫ്രഞ്ചുകാർ വെനീസ് കീഴടക്കിയതോടെ വെനീസിന്റെ ചരിത്രത്താളുകളിൽ നെപ്പോളിയൻ ഒരു പ്രധാന കഥാപാത്രമായി. 1814-ലാണ് നെപ്പോളിയന്റെ ഭരണം അവസാനിച്ചത്. ബസിക്കയുടെ മണിമേടയാണ് പിയാസ്സായിലെ മറ്റൊരു പ്രധാന കാഴ്ച. 323 അടി ഉയരമുള്ള ആ മണിമേടയുടെ മുകളിൽ കയറി നിന്ന് നോക്കിയാൽ വെനീസിന്റെ നല്ലൊരു ഭാഗം കാണാൻ കഴിയും. എ.ഡി. 829-ൽ മരത്തിൽ തീർത്ത സെന്റ് മാർക്കസ് ദേവാലയം 976-ൽ അഗ്നിക്കിരയായി. പിന്നീടത് അലങ്കാരപ്പണികളാൽ അവർണ്ണനീയമാക്കി. ആരിലും അനുരാഗമുണർത്തുന്ന കലാസൃഷ്ടികൾ അത് എല്ലാം ദേവാലയങ്ങളിലും കാണാൻ കഴിയും വെനീസ് വശ്യസുന്ദരമായ കാഴ്ചകളാണ് സന്ദർശകർക്ക് നൽകുന്നത്. അവിടുത്തെ ഗോളോ എന്ന അലംകൃതമായ കൊച്ചുവളളത്തിലിരുന്നാൽപോലും ആനന്ദമാണ് ലഭിക്കുന്നത്. കിഴക്കൻ വെനീസിന്റെ ബോട്ടുയാത്രയല്ലാതെ എന്തെങ്കിലും പുതുമ നിറഞ്ഞകാഴ്ചകൾ സന്ദർശകർക്ക് നല്കുന്നുണ്ടോ.

## എന്നെ മറന്നുവോ?



ചവറ കെ.എസ്. പിള്ള

തിരുവോണ ശ്രീകലേ, നിന്മുഖത്തെന്തേ
കരിനിഴൽ മൂടി നിൻ മിഴിനിറഞ്ഞോ?
തിരുവരങ്ങത്തു നീ വന്നു നിന്നീടേ
തിരുവോണപ്പൂക്കളം കണ്ടിടാഞ്ഞോ
നിറപറപൂങ്കുല കണ്ടിടാഞ്ഞാണോ
നിറദീപമിഴികൾ തുറന്നിടാഞ്ഞോ
തിരുവോണക്കളിമേളം കണ്ടിടാഞ്ഞോ
പുതുകാഴ്ച കണ്ടു നീ മരവിച്ചു നില്പോ
പുതുപാട്ടു കേട്ടുനിൻ ചെവിയടഞ്ഞോ
പുതുകളികൾ കണ്ടു നിൻകണ്ണടഞ്ഞോ
പുതുമകൾ കണ്ടു നിൻ മനമുടഞ്ഞോ
മാറിമറിഞ്ഞല്ലോ, മോണവിഷുക്കളും
മാറിയ കൂത്തിന്റെ കളിയരങ്ങായി
പൊയ്പ്പോയൊരോണ സ്മൃതികൾ നിന്നുള്ളിലെ
ചെപ്പു കിലുക്കിയുണർത്തിടും വേളയിൽ
ഞെട്ടുന്നു പോ'യെന്ത്', എന്നെ മറന്നുവോ?
കെട്ടകാലത്തോടു ചോദിച്ചിടുന്നുവോ
പൂപൊലിപ്പാട്ടുമായ് നിന്നെപ്പുണർന്നിടും
പൂവാം കുരുന്നുകൾ കൂടിതിരക്കിലാ...
എല്ലാം മറന്നവർ കിട്ടിയ കത്തിയാൽ
ഉന്നംപിഴയ്ക്കാകളികളിലാണവർ.
കിട്ടാക്കനിതേടി നെട്ടോട്ടമോടുവോർ-
ക്കെന്തു പൊന്നോണം, വിഷു, തിരുവാതിര.

Managing Editor: Mathew George. 130 Alburger Ave, Philadelphia. PA 19115, Tel: 267-991-2111. Chief Editor: George Thazhakara (Saboo George).
Tel:0479-2300668, 94473 55710 e-mail:georgethazhakara@gmail.com. Indian Office: Mitranikethan, Mavelikara 690 102, Kerala, India.